നിയമ സംസ്കാര കേന്ദ്രത്തിന്റെ

# ജനനീതി

3.00 ക.



ബർമ്മയിൽ ജനാധിപത്യം പുന:സ്ഥാപിതമാക്കുന്നതിന്നായി പൊരുതിവരുന്ന സൂകി പതിനാലു കൊല്ലമായി തടങ്ങലിലാണ്. ഓരോ തവണ ശിക്ഷയുടെ കാലാവധി കഴിയുമ്പോഴേക്കും പുതിയൊരു കേസുണ്ടാക്കി വിചാരണ എന്ന ഒരു പ്രഹസനം നടത്തി സൂകിയുടെ തടങ്ങൽ നീട്ടുന്ന തന്ത്രമാണ് പട്ടാളഭരണകൂടം സ്വീകരിച്ചിരിക്കുന്നത്.

149

സെപ്തംബർ 2009

# വിവരാവകാശ നിയമവും മന്ത്രിസഭാ തീരുമാനവും?

**- ശൈക്കത്ത് ദത്ത -**

**ഇ**ന്ത്യയിൽ പലേടത്തും അരിക്ക് കടുത്ത ക്ഷാമം അനുഭവപ്പെടുന്നതിന്നിടയിൽ കേന്ദ്രഗവർമ്മേണ്ട് ആഫ്രിക്കൻ രാജ്യങ്ങളിലേക്ക് പത്തുലക്ഷം ടൺ പച്ചരി കയറ്റുമതി ചെയ്യുകയുണ്ടായി. അരി കയറ്റുമതി ചെയ്യുന്നതിന്ന് നിരോധനം നിലവിലുള്ളപ്പോഴാണ് ഈ കയറ്റുമതി.

നൈജീരിയയിലേക്ക് 117100 ടൺ പച്ചരി കയറ്റുമതി ചെയ്യാനാണ് ആദ്യം അനുമതി നൽകിയത്. പക്ഷെ നൈജീരിയ അത് വാങ്ങാൻ വിസമ്മതിച്ചു. അവർക്ക് അരി ആവശ്യമില്ല. സ്ഥിരമായി അരി നൽകുന്ന ഒരു അമേരിക്കൻ കമ്പനിയുമായിട്ടാണ് അവർക്ക് ഇടപാട്.

തന്മൂലം 25,000 ടൺ അരി ദക്ഷിണാഫ്രിക്കക്ക് നൽകാൻ തീരുമാനിച്ചു. പക്ഷെ അവിടേയും പ്രശ്നമുണ്ട്. നൈജീരിയക്കാരോ ദക്ഷിണാഫ്രിക്കക്കാരോ പച്ചരി ഉപയോഗിക്കുന്നവരല്ല. അവർക്ക് പുഴുക്കലരി കിട്ടണം. നാഗപ്പൂരിലെ ഒരു കമ്പനിക്കാണ് അരി കയറ്റുമതി ചെയ്യാൻ അനുമതി നൽകിയത്. ഈ വകയിൽ 2500 കോടി രൂപയുടെ അഴിമതി നടന്നിട്ടുണ്ടെന്ന് പത്രങ്ങൾ പറയുന്നു. പാർലിമെന്റിലും ഈ പ്രശ്നം ഉയർന്നു വന്നു.

നൈജീരിയക്ക് അരി നൽകാൻ അനുമതി നൽകിയ രേഖകളുടെ കോപ്പി കിട്ടാൻ "ഔട്ട്ലുക്ക്" വാരിക വിവരാവകാശ നിയമപ്രകാരം അപേക്ഷ നൽകി. എന്നാൽ വിദേശ വ്യാപാര ജോയിന്റ് ഡയറക്ടർ ജനറലായ ഹരദീപ് സിങ് അതിന്നു വിസമ്മതിച്ചു. മന്ത്രിസഭാ തീരുമാനമനുസരിച്ചാണ് ഈ ഇടപാടെന്നും അതിനാൽ വിവരാവകാശ നിയമം ബാധകമല്ലെന്നും അദ്ദേഹം വാദിക്കുന്നു. എന്നാൽ വിവരാവകാശ നിയമ പ്രവർത്തകനായ നിഖിൽജേ അത് അസംബന്ധമാണെന്നു പറയുന്നു. മന്ത്രിസഭ ഒരു തീരുമാനമെടുത്തു കഴിയുന്നതോടെ അതൊരു പൊതു രേഖയായെന്നും, ഏതൊരു പൗരനും അതിന്റെ പകർപ്പ് ചോദിക്കാൻ അവകാശമുണ്ടന്നും അദ്ദേഹം പറയുന്നു.

ഇന്ത്യയിൽ അരി ക്ഷാമമുള്ളപ്പോൾ പത്തു ലക്ഷം ടൺ അരി കയറ്റുമതി ചെയ്യാൻ സ്വകാര്യ കമ്പനികൾക്ക് അനുമതി നൽകുക എന്നത് അസാധാരണമാണ്. എന്തെല്ലാമോ അഴിമതി ഇതിന്റെ പിന്നിലുണ്ടെന്നു വേണം അനുമാനിക്കാൻ. ❑


**ജനനീതി**

സെപ്തംബർ 2009

**149**

പത്രാധിപർ:

**ടി.വി. അച്ചുതവാരിയർ**

പത്രാധിപസമിതി:

**കെ.ജി. ശങ്കരപ്പിള്ള**
**സി.പി. ഗംഗാധരൻ**
**ഫ്രാൻസീസ് സേവ്യർ**
**പി.എസ്. മനോജ്കുമാർ**
**പി.എൻ. ഗോപീകൃഷ്ണൻ**
**എൻ.എൻ. ഗോകുൽദാസ്**
**ജോർജ്ജ് പുലികുത്തിയിൽ**

**ജനനീതി**
**പി.ബി. നമ്പർ 8**
**തോട്ടപ്പടി, മണ്ണുത്തി പോസ്റ്റ്**
**തൃശൂർ – 680 651**

Tel :-487 2373479, 2373281
Fax:-487- 2373281
E-mail: gpneethi@sancharnet.in
Web: www.jananeethi.org


എഡിറ്റോറിയൽ

# ജഡ്ജിമാരുടെ സ്വത്ത് പുറത്തറിഞ്ഞാൽ എന്താണപകടം?

**1**975 ൽ അടിയന്തരകാവസ്ഥ പ്രഖ്യാപിച്ചതിനെത്തുടർന്ന് ഭരണഘടനയിൽ വ്യാപകമായ ഭേദഗതികൾ വരുത്തുകയുണ്ടായി. നാൽപ്പത്തിരണ്ടാം ഭേദഗതി എന്ന പേരിൽ കുപ്രസിദ്ധമായ ഈ ഭേദഗതിയിലെ ദ്രോഹകരമായ വ്യവസ്ഥകളെല്ലാം പിന്നീട് വന്ന ജനതാഗവർമ്മേണ്ടിന്റെ കാലത്ത് റദ്ദാക്കുകയും പഴയ വ്യവസ്ഥകൾ പുനസ്ഥാപിതമാക്കുകയും ചെയ്തിരുന്നു. അടിയന്തിരാവസ്ഥക്കാലത്ത് കൊണ്ടുവന്ന ഭേദഗതികളിലൊന്ന് പ്രധാനമന്ത്രിക്കും രാഷ്ട്രപതിക്കും എതിരായ തെരഞ്ഞെടുപ്പു കേസ്സുകൾ കേൾക്കാൻ പ്രത്യേക സംവിധാനമുണ്ടാക്കുന്ന ഒന്നായിരുന്നു. രാഷ്ട്രപതിയായിരുന്നില്ല അന്നത്തെ പ്രശ്നം. പ്രധാനമന്ത്രി അഴിമതി കാണിച്ചുവെന്ന് ഒരു സാധാരണ കോടതിയിലെ ഒരു സാധാരണ ജഡ്ജി വിധിച്ചു കളഞ്ഞതിലായിരുന്നു ഇന്ദിരാഗാന്ധിക്ക് അരിശം. ജനതാ ഭരണകാലത്ത് ഈ ഭേദഗതി റദ്ദാക്കിയെങ്കിലും അതിന്റെ ഒരവശിഷ്ടം ഇന്നും നിലനിൽക്കുന്നുണ്ട്. മന്ത്രിമാർക്കെതിരായ അഴിമതിയാരോപണങ്ങളെക്കുറിച്ച്. അന്വേഷിക്കാൻ ഒരു "ലോക്പാൽ" ഏർപ്പെടുത്തണമെന്ന ആവശ്യം പണ്ടേ ഉള്ളതാണ്. ലോകപാലിന്റെ പരിധിയിൽ പ്രധാനമന്ത്രിയെക്കൂടി ഉൾപ്പെടുത്തണമെന്ന ആവശ്യംമൂലം ആ ബിൽ ഇന്നും പാസ്സാകാതെ കിടക്കുകയാണ്. പ്രധാനമന്ത്രിക്കെന്നല്ല, മറ്റുമന്ത്രിമാർക്കും ഭരണകക്ഷിയിൽപെട്ട എം.പി. മാർക്കും ഇതിൽ വലിയ താൽപര്യമുണ്ടാകില്ലെന്നു പറയേണ്ടതില്ലല്ലോ. അതിനാൽ

പ്രധാനമന്ത്രിയെ മറയാക്കി കാര്യം നീട്ടിക്കൊണ്ടുപോകുന്നുവെന്നേയുള്ളൂ.

മന്ത്രിമാരുടെ ഈ രോഗം ഇപ്പോൾ നീതിന്യായ രംഗത്തേക്കു പടർന്നു പിടിച്ചിരിക്കുന്നു. ജഡ്ജിമാരുടെ അഴിമതികളെക്കുറിച്ച് ഈയിടെ ധാരാളം വർത്തകൾ വരുന്നുണ്ട്. ഒരു ജഡ്ജി ഇംപീച്ച്മെന്റിന്റെ വക്കത്തെത്തി നിൽക്കുന്നു. ഈയിടെ ഒരാൾകൊണ്ടുവന്നുകൊടുത്ത 15 ലക്ഷം രൂപയുടെ കെട്ട് ആർക്കുള്ളതായിരുന്നുവെന്നതിനെപ്പറ്റി തർക്കം നടന്നുകൊണ്ടേയിരിക്കുന്നു. ജഡ്ജിമാരിൽ എത്ര ശതമാനം അഴിമതിക്കാരായിട്ടുണ്ടെന്ന് ഒരു ചീഫ് ജസ്റ്റീസ്തന്നെ പറയുമ്പോൾ സാധാരണക്കാർ അന്തംവിട്ടുനിൽക്കും. അഴിമതിക്കാരുടേതായ ശതമാനത്തിൽപെട്ട ആളാണോ തന്റെ കേസ് കേൾക്കുന്നതെന്ന് അറിയാതെ കക്ഷികൾ അമ്പരന്നു നിൽക്കും.

ഈ ബഹളംമൂലം കേന്ദ്ര ഗവർമ്മേണ്ട് ഈയിടെ ഒരു ബിൽ തയ്യാറാക്കി. ജഡ്ജിമാർ അവരുടെ സ്വത്തുവിവരം ചീഫ് ജസ്റ്റീസിനെ അറിയിക്കണമെന്നാണ് ബില്ലിലെ വ്യവസ്ഥ. ഹൈക്കോടതി ജഡ്ജിമാർ അവടിത്തെ ചീഫ് ജസ്റ്റീസിന്നും സുപ്രീം കോടതി ജഡ്ജിമാർ സുപ്രീംകോടതിയിലെ ചീഫ്ജസ്റ്റീസിന്നും സ്വത്തുവിവരം നൽകണമെന്ന് ബില്ലിൽ പറയുന്നു. ബിൽ രാജ്യസഭയിൽ എത്തിയപ്പോൾ ഇടത് വലത് വ്യത്യാസമില്ലാതെ എല്ലാ പ്രിപക്ഷാംഗങ്ങളും ബില്ലിനെ എതിർത്തു. ബിൽ പാസാക്കാൻ വേണ്ട ഭൂരിപക്ഷ പിന്തുണ ഗവർമ്മേണ്ടിന്ന് ഇല്ലാത്തതിനാലും പ്രതിപക്ഷത്തെ ഇടതുപക്ഷവും വലതുപക്ഷവും ഒന്നിച്ച് കൈകോർത്തു പിടിച്ചതിനാലും ബില്ലിന്റെ അവതരണം നീട്ടിവെയ്ക്കാൻ ഗവർമ്മേണ്ട് നിർബ്ബന്ധിതമായി. 245 അംഗങ്ങളുള്ള രാജ്യസഭയിൽ ഭരണകക്ഷിക്കാർ 84 പേർ മാത്രമാണ്. പ്രതിപക്ഷക്കാർ തമ്മിൽതല്ലുമ്പോൾ ചുളുവിൽ ബിൽ പാസാക്കാമെന്ന് ഗവർമ്മേണ്ട് കരുതിയിരുന്നുവെന്നുവേണം അനുമാനിക്കാൻ.

ബില്ലിലെ ആറാം വകുപ്പാണ് അടിയന്തരാവസ്ഥക്കാലത്തെ 42-ാം ഭേദഗതിയെ അനുസ്മരിപ്പിക്കുന്നത്. ഹൈക്കോടതി ജഡ്ജിമാർ അവരുടെ സ്വത്തുവിവരം ചീഫ് ജസ്റ്റീസിനെ അറിയിക്കണം; സുപ്രീം കോടിതി ജഡ്ജിമാർ സുപ്രീംകോടതി ചീഫ് ജസ്റ്റീസിനേയും അറിയിക്കണം. പക്ഷെ ഇങ്ങനെ ലഭിക്കുന്ന വിവരം ചീഫ് ജസ്റ്റീസുമാർ വെളിപ്പെടുത്താൻ പാടില്ലെന്ന് ബില്ലിലെ അറാം വകുപ്പിൽ പറയുന്നു. പരസ്യപ്പെടുത്താൻ പാടില്ലാത്ത വിവരംകൊണ്ട് ചീഫ് ജസ്റ്റീസുമാർക്കുപോലും പ്രയോജനമില്ല. ഒരു പക്ഷെ അഴിമതിക്കാരായ ജഡ്ജിമാരോട് അതിൽ ഒരോഹരി ചോദിച്ചുവാങ്ങാൻ ചീഫ് ജസ്റ്റീസിന് കഴിഞ്ഞേുവെന്നുവരാം. പ്രധാനമന്ത്രിമുതൽക്കിങ്ങോട്ട് പഞ്ചായത്തുമെമ്പർവരെയുള്ളവരുടെ സ്വത്തുവിവരം പ്രസിദ്ധീകരിക്കണമെങ്കിൽ ഈ ജഡ്ജിമാരെ മാത്രം അതിൽനിന്ന് ഒഴിവാക്കേണ്ട കാര്യമെന്താണ്? അഥവാ നിയമത്തിന്നു മുന്നിൽ എല്ലാവരും സമന്മാരാണെന്ന് പറയുന്ന ഒരു ഭരണഘടന ഇവിയെടുള്ളപ്പോൾ, ജഡ്ജിമാരെ "അമാനുഷരായി" ഉയർത്തേണ്ട കാര്യമെന്താണ്. ആർക്കാണിതിലിത്ര കമ്പം? തങ്ങളുടെ സ്വത്തുവിവരം പുറത്തുവിടരുതെന്ന് ജഡ്ജിമാർ പറയുന്നുണ്ടോ? ഇല്ലെങ്കിൽ പിന്നെ ആർക്കാണിതിൽ ശാഠ്യം. സ്വത്തുവിവരം രഹസ്യമാക്കി വയ്ക്കണമെന്ന ഈ ആറാം വകുപ്പ് ഉപേക്ഷിച്ചാൽ, ആ നിമിഷം തങ്ങൾ കയ്യടിച്ച് ബിൽ പാസാക്കി തരാമെന്ന് 245 എം.പി.മാരും ഏറ്റിട്ടും അതുപറ്റില്ലെന്നു പറയുന്നത് ആരാണ്? എന്താണിതിന്റെ പിന്നിൽ.

ലോക്സഭയിൽ അവതരിപ്പിക്കാൻ ഗവർമ്മേണ്ട് ധൈര്യപ്പെട്ടിട്ടില്ല. ആകെയുള്ള 542 എം.പി.മാരിൽ 312 പേർ ഭരണപക്ഷത്താണെന്നാണ് വയ്പ്. പക്ഷെ ഈ "രഹസ്യ" ബില്ലിനെ എത്രപേർ പിൻതാങ്ങുമെന്ന് അറിയില്ല. ഏതായാലും രാജ്യസഭയിൽ ബിൽ പാസാക്കാൻ മാർഗ്ഗമൊന്നുമില്ലാത്ത സ്ഥിതിക്ക് ലോക്സഭയിൽ ഇതവതരിപ്പിച്ച് നാണംകെട്ടിട്ട് കാര്യമൊന്നുമില്ല.

മന്ത്രിമാരും രാഷ്ട്രീയക്കാരും ഇതൊരു നിസ്സാര പ്രശ്നമായി കരുതുന്നുണ്ടെങ്കിൽ അവർക്ക് തെറ്റുപറ്റിയിരിക്കുന്നു. മന്ത്രിമാരുടേയും ജനപ്രതിനിധികളുടേയും നീതിന്യായ സംവിധാനത്തിന്റേയും അഴിമതിമൂലം ജനങ്ങൾ പൊറുതിമുട്ടി കഴിയുകയാണിന്ന്. എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ചാലും എത്ര കോടി രൂപ അനുവദിച്ചാലും അതെല്ലാം ഒരു ന്യൂനപക്ഷത്തിന്റെ പോക്കറ്റിലാണ് ചെന്നടിയുന്നതെന്ന് ജനങ്ങൾ കണ്ടുമനസ്സിലാക്കിയിരിക്കുന്നു. തീവ്രവാദം തല്ലിക്കെടുത്തും തോറും ആളിക്കത്തുന്നതിന്റെ കാരണം ഇതാണ്.

ഇനിയെന്തു സംഭവിക്കാൻ പോകുന്നുവെന്നാണ് ജനങ്ങൾ ഉറ്റുനോക്കുന്നത്. ലോകപാൽ ബില്ലിന്റെ അതേവിധി ഈ നീതിന്യായ അഴിമതി വിരുദ്ധ ബില്ലിന്നും ഉണ്ടായേക്കാം.

അമേരിക്കയുടെ അടുക്കളത്തോട്ടങ്ങളെന്ന് വിശേഷിപ്പിക്കാറുള്ള ലാറ്റിൽ അമേരിക്കൻ രാജ്യങ്ങൾ അഴിമതിയുടെ വിളനിലങ്ങളായിരുന്നു. അമേരിക്കൻ ഗവർമ്മേണ്ടിൽനിന്നും അമേരിക്കൻ മുതലാളിമാരിൽനിന്നും കൈനീട്ടി പണം വാങ്ങുന്ന പ്രസിഡണ്ടുമാരും ജഡ്ജിമാരും മന്ത്രിമാരും മറ്റുമാണിവിടെ അധികാരം കയ്യാളിക്കൊണ്ടിരിക്കുന്നത്. ഒടുവിൽ സഹികെട്ട് ജനങ്ങൾ എല്ലാറ്റിനേയും ആട്ടിപ്പുറത്താക്കി. വെനീസുലയിൽനിന്നായിരുന്നു തുടക്കം. ഇപ്പോൾ ഏതാണ്ടെല്ലാ ലാറ്റിനമേരിക്കൻ രാജ്യങ്ങളും ഇടതുപക്ഷ കക്ഷികളുടെ നിയന്ത്രണത്തിൽ വന്നുകഴിഞ്ഞു. വെനീസുലയിലെ ഷവേസ് ക്യൂബയിലെ കാസ്ട്രോവുമായി സഖ്യത്തിൽവരെ എത്തി.

ഇന്ത്യയും അമേരിക്കയുടെ ഒരടുക്കളത്തോട്ടമായി മാറിക്കൊണ്ടിരിക്കുകയാണ്. ജനപ്രതിനിധികൾ കോടീശ്വരന്മാരും കോടീശ്വരന്മാർ ജനപ്രതിനിധികളുമാകുന്നത് ഇവിടെ സാധാരണയായിക്കഴിഞ്ഞു. ന്യായാധിപന്മാരും ആ വഴിക്കു നീങ്ങുന്ന ലക്ഷണമാണ് കാണുന്നത്. ഇതിന്നൊരു തടയിടാൻ നമുക്കു കഴിഞ്ഞില്ലെങ്കിൽ എല്ലാവരേയും ആട്ടി പുറത്തിറക്കി വിടാൻ ജനങ്ങൾ നിർബ്ബദ്ധിതരായിത്തീരും. അതുകൊണ്ടുതന്നെ ലോകപാൽ ബില്ലിന്റെ വിധി നീതിന്യായ അഴിമതി വിരുദ്ധ ബില്ലിന്നും വന്നുചേരാതെ നോക്കേണ്ടതുണ്ട്. ❏

# തൊഴിലുറപ്പിന്ന് പിറകെ ഭക്ഷണ സുരക്ഷാനിയമം

**- ജീൻ ഡ്രെസ്-**

**ഒ**രു ഭക്ഷണ സുരക്ഷാനിയമം പാസാക്കുമെന്നുള്ള ഗവർമ്മേണ്ടിന്റെ വാഗ്ദത്തമനുസരിച്ചുള്ളതാണ് ഇക്കൊല്ലത്തെ ബഡ്ജറ്റ്. താത്വികമായി പറഞ്ഞാൽ ഇത് സ്വാഗതാർഹമാണ്. ഇന്ത്യയിലെ പോഷകാഹാരക്കുറവ് ലോകത്തിൽവച്ച് ഏറ്റവും രൂക്ഷമായതാണ്. പോഷകാഹാരക്കുറവിന്ന് അടുത്തകാലത്തൊന്നും കുറവുവന്നിട്ടില്ല. അതിനാൽ ഒരു ഭക്ഷണ സുരക്ഷാനിയമം നീറുന്ന ഒരു പ്രശ്നത്തിലേക്ക് ശ്രദ്ധയാകർഷിക്കാൻ സഹായിക്കും.

ഇന്ത്യയിൽ പട്ടിണിക്കും പോഷകാഹാരക്കുറവിന്നും വളരെ ആഴത്തിൽ വേരോട്ടമുണ്ട്. ദാരിദ്ര്യം മാത്രമല്ല പ്രശ്നം. വിദ്യാഭ്യാസമില്ലായ്മ, ലിംഗവിവേചനം, സാമൂഹ്യവിവേചനം, സ്വത്തവകാശ നിയമത്തിലെ വൈകല്യം, അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം, എന്നിവയെല്ലാം പോഷകാഹാരക്കുറവിന്ന് കാരണമാകുന്നുണ്ട്. ഭക്ഷണത്തിന്നുള്ള അവകാശത്തെ ഗവർമ്മേണ്ട് ഗൗരവപൂർവ്വം സ്വീകരിക്കുകയാണെങ്കിൽ, മേൽപറഞ്ഞ നാനാഘടകങ്ങളിലും ശ്രദ്ധിക്കേണ്ടിവരും. നിർദ്ദിഷ്ട നിയമം ഇതിന്നെല്ലാം പരിഹാരമാകുമെന്ന് കരുതാനാവില്ല. എന്നാൽ പ്രശ്നത്തെ വിശാലാടിസ്ഥാനത്തിൽ വീക്ഷിക്കുകയാണെങ്കിൽ, ഇവയിലെ പലതിനും പരിഹാരമുണ്ടാക്കാൻ കഴിയും.

ഭക്ഷണ സുരക്ഷാനിയമത്തെ കോൺഗ്രസ്സിന്റെ ദാരിദ്ര്യരേഖാപദ്ധതിയുമായി കൂട്ടിക്കുഴക്കരുത്. ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്കെല്ലാം കിലോവിന്ന് മൂന്നു രൂപ നിരക്കിൽ മാസത്തിൽ 25 കിലോ അരി നൽകാമെന്നത് കോൺഗ്രസ്സിന്റെ വാഗ്ദത്തമാണ്. ദാരിദ്ര്യ രേഖക്ക് താഴെയുള്ള കുടുംബങ്ങൾക്ക് ഇപ്പോൾതന്നെ കുറഞ്ഞ വിലക്ക് ധാന്യം നൽകിവരുന്നുണ്ട്. അതിന്റെ ഒരു പരിഷ്കരിച്ച പതിപ്പുമാത്രമാണ് കോൺഗ്രസ്സിന്റെ വാഗ്ദാനം.

അതിന്നും പുറമെ പോഷകാഹാരമെന്നത് കുറഞ്ഞ വിലക്ക് ധാന്യം കിട്ടൽ മാത്രമല്ല. ഭക്ഷണം കിട്ടുന്നതിന്നു പുറമെ ശിശുസംരക്ഷണത്തിന്നും ശുദ്ധജല വിതരണത്തിന്നും മുലയൂട്ടൽ പരിപാടിക്കുമെല്ലാം പ്രാധാന്യം കൽപിക്കേണ്ടതുണ്ട്. ഗവർമ്മേണ്ട് നടപ്പാക്കിയിട്ടുള്ള തൊഴിൽ അവകാശ നിയമം തന്നെ ഭക്ഷണത്തിന്നുള്ള അവകാശത്തിലേക്കുള്ള ഒരു കാൽവയ്പാണ്. പക്ഷെ ഈ പദ്ധതി നടപ്പാക്കുന്നതാകെ വികലമായിട്ടാണ്. "ആവശ്യപ്പെട്ടവർക്കെല്ലാം തൊഴിൽ" എന്ന തത്വം ഒരിടത്തും നടപ്പാക്കിയിട്ടില്ല. വാർധക്യം മൂലമോ രോഗം മൂലമോ പലർക്കും ഈ പദ്ധതിയുടെ ഗുണം ലഭിക്കുന്നില്ല. അതുകൊണ്ടാണ് മൂന്നു രൂപക്ക് അരി എന്ന് ഒഴുക്കൻ മട്ടിൽ പറഞ്ഞാൽ പോരെന്ന് ആവശ്യപ്പെടുന്നത്. വാസ്തവത്തിൽ പൊതുവിതരണ സമ്പ്രദായ പ്രകാരം ഇപ്പോൾ റേഷൻ അനുവദിക്കുന്നവർക്കെല്ലാം ഇത് ബാധകമാക്കേണ്ടതാണ്. ഇനി അതല്ല തരം തിരിക്കൽ കൂടിയേ തീരൂ എന്നാണെങ്കിൽ ദാരിദ്ര്യ രേഖക്ക് താഴെയുള്ള കുടുംബങ്ങളെ നിശ്ചയിക്കുന്നത് സുതാര്യമായിരിക്കണം. ആരെങ്കിലും ആക്ഷേപമുന്നയിച്ചാൽ അതു ശരിയാണോ എന്ന് പരിശോധിക്കാനുള്ള സംവിധാനവും ഉണ്ടാകണം. അതുപോലെ, അതിന്നും

➡

വേണം ഒരു കണക്ക്. ജനങ്ങളിൽ പകുതിപേർക്ക് എന്നോ മറ്റോ ഒരു മാനദണ്ഡം വയ്ക്കാം. അതിന്നും പുറമെ ഗ്രാമപ്രദേശങ്ങളിലെ പട്ടിക ജാതിക്കാർക്കും പട്ടിക വർഗ്ഗക്കാർക്കും ഭക്ഷണ സുരക്ഷാ നിയമം ബാധകമാക്കുകയും വേണം.

അതി ദരിദ്രരായ ജനങ്ങളുടെ കാര്യത്തിൽ പ്രത്യേക പരിഗണന നൽകുന്ന വ്യവസ്ഥകൂടി നിയമത്തിൽ ഉണ്ടാകേണ്ടതാണ്. പണിയെടുക്കാൻ പോകുന്നതിന്ന് ശേഷിയുള്ള ആരുമില്ലാത്ത കുടുംബങ്ങളുണ്ടാകും. ഇത്തരക്കാർക്ക് ഇപ്പോൾതന്നെ അന്ത്യോദയ അന്നയോജന പദ്ധതി പ്രകാരം എന്തോ ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട്. ഈ പദ്ധതി വികസിപ്പിക്കുന്ന വ്യവസ്ഥ ഭക്ഷണ സുരക്ഷാനിയമത്തിലുണ്ടാകണം. വാർക്യകാല പെൻഷൻ, വിധവാ പെൻഷൻ തുടങ്ങിയ ചില സാമൂഹ്യ സുരക്ഷാപദ്ധതികൾ ഇപ്പോൾ തന്നെ നിലവിലുണ്ട്. ഇവയെല്ലാം സമാഹരിച്ചു ഭക്ഷണ സുരക്ഷാപദ്ധതിയുടെ ഒരു ഭാഗമാക്കേണ്ടതാണ്. അങ്ങനെയൊരു സംയോജിത പെൻഷൻ പദ്ധതി വന്നാൽ അത് ഭക്ഷണ സുരക്ഷാ നിയമത്തിന്റെ മൂന്നാമത്തെ തൂണാകും. കുട്ടികൾക്ക് പോഷകാഹാരത്തിന്ന് ഏർപ്പാട് ചെയ്താൽ അത് നാലാമത്തെ തൂണായിത്തീരും. സുപ്രീം കോടതി ഈയിടെ പുറപ്പെടുവിച്ച കൽപന പ്രകാരം സ്കൂൾ കുട്ടികളുടെ ആരോഗ്യ സംരക്ഷണ പദ്ധതിയുമായി ഇത് ഇണക്കിച്ചേർക്കാവുന്നതേയുള്ളൂ. സുപ്രീം കോടതിയുടെ വിവിധ കൽപ്പനകൾ പ്രകാരം ആറുവയസ്സിന്നു താഴെയുള്ള എല്ലാകുട്ടികൾക്കും പോഷകാഹാരം, ആരോഗ്യ സംരക്ഷണം, നഴ്സറി വിദ്യാഭ്യാസം എന്നിവക്ക് ഉറപ്പുവന്നിട്ടുണ്ട്.

ഇന്ത്യയിലെ "പോഷകാഹാര അടിയന്തരാവസ്ഥ"ക്ക് പരിഹാരം കാണണമെങ്കിൽ മേൽപ്പറഞ്ഞ നടപടികളെങ്കിലും പുതിയ ഭക്ഷണ സുരക്ഷാ നിയമത്തിൽ ഉണ്ടാകേണ്ടതുണ്ട്. ❑

# ബാബറി മസ്ജിദ് സംബന്ധിച്ച ഫയലുകളെവിടെപ്പോയി?

**ബാ**ബറി മസ്ജിദ് സംബന്ധിച്ച തർക്കത്തിന്റെ ചരിത്രം കേസുകളുടേയും അന്വേഷണങ്ങളുടേയുടേയും ഒരു കൂമ്പാരമാണ്. ഇപ്പോഴിതാ ഈ ജൂലായ് 15ന്ന് പുതിയൊരു കേസ് പൊട്ടിവീണിരിക്കുന്നു. ബാബറി മസ്ജിദ് സംബന്ധിച്ച 23 ഫയലുകൾ എവിടെപ്പോയെന്ന് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ അല്ലാഹാബാദ് ഹൈക്കോടതി സി.ബി.ഐ. യോട് ആവശ്യപ്പെട്ടിരിക്കുകയാണ്. ആഗസ്റ്റ 24ന്നു മുമ്പ് ഒരു ഇടക്കാല റിപ്പോർട്ടും സെപ്തംബർ 25ന്നു മുമ്പ് അവസാന റിപ്പോർട്ടും സമർപ്പിക്കണമെന്നാണ് കോടതി ആവശ്യപ്പെട്ടിരിക്കുന്നത്. അന്വേഷണ വേളയിൽ പുതിയ കേസ് ചാർജ് ചെയ്യേണ്ടി വന്നതിനാൽ അതിന്നും സി.ബി.ഐ.ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

വാസ്തവത്തിൽ ഈ കേസാരംഭിക്കുന്നത് ഏഴുകൊല്ലം മുമ്പാണ്. ബാബറി മസ്ജിദ് ആക്ഷൻ കമ്മിറ്റിയുടെ വക്കീലായ ജിലാനി ബാബറി മസ്ജിദ് സംബന്ധിച്ച ഏഴു രേഖകളുടെ കോപ്പി ആവശ്യപ്പട്ടിരുന്നു. വക്കീലിന്ന് ഈ രേഖകളുടെ പകർപ്പ് നൽകാൻ 2002 ജൂലായ് 11ന്ന് ഹൈക്കോടതി കല്പിച്ചിരുന്നു.

ബാബരി മസ്ജിദിൽ നിയമ വിരുദ്ധമായി കൊണ്ടുപോയി വച്ചിട്ടുള്ള രാമവിഗ്രഹം ഉടനെ എടുത്തുമാറ്റാൻ ആവശ്യപ്പെട്ടുകൊണ്ട് 1949 ൽ പ്രധാനമന്ത്രി നെഹ്റു യു.പി. ഗവർമ്മേണ്ടിന്നയച്ചതായി പറയപ്പെടുന്ന കമ്പി സന്ദേശം, ബാബരി മസ്ജിദിൽ സ്ഥാപിച്ച വിഗ്രഹം എടുത്തുമാറ്റാനോ സന്യാസിമാർ അവിടെ നടത്തിവരുന്ന ഭജന തടയാനോ സാധ്യമല്ലെന്ന് അറിയിച്ചുകൊണ്ട് ഫൈസാബാദ് ഡിസ്ട്രിക് മജിസ്രേട്ട് കെ. കെ. നായരും ചീഫ് സെക്രട്ടറിയും തമ്മിൽ നടന്ന എഴുത്തുകൾ എന്നിവയുടെ പകർപ്പുകളാണ് ജിലാനി ആവശ്യപ്പെട്ടിരുന്നത്. ഇതുവരെ ഗവർമ്മേണ്ട് ഉരുണ്ടുകളിച്ചു.

എന്നാൽ കഴിഞ്ഞ ജൂലായ് ഏഴാം തിയ്യതി ചീഫ് സെക്രട്ടറി ഹൈക്കോടതിക്കു സമർപ്പിച്ച റിപ്പോർട്ടിൽ 23 ഫയലുകൾ കാണാതായിട്ടുണ്ടെന്നു അറിയിച്ചു. ഇതിനെത്തുടർന്നാണ് ജൂലായ് 15ന്ന് ഹൈക്കോടതി സി. ബി.ഐ. യെ അന്വേഷണ ചുമതല ഏൽപ്പിച്ചത്.

യു.പി. ഗവർമ്മേണ്ടിന്റെ വർഗ്ഗീയതാ നിയന്ത്രണ സെല്ലിലെ ഉദ്യോഗസ്ഥനായിരുന്ന സുഭാഷാണ് ഫയൽ അവസാനമായി എടുത്തതെന്നും 2000 മേയ് 1ന്ന് ദൽഹിയിലുണ്ടായ ഒരപകടത്തിൽ സുഭാഷ് മരിച്ചുവെന്നും ചീഫ് സെക്രട്ടറിയുടെ റിപ്പോർട്ടിലുണ്ട്. ബാബരി മസ്ജിദ് പ്രശ്നം അന്വേഷിക്കുന്ന ലിബറാൻ കമ്മീഷൻ മുമ്പാകെ ഹാജരാക്കാനാണ് ഫയൽ കൊണ്ടുവന്നതെന്നും അതിൽ പറയുന്നു.

സുഭാഷ് ദൽഹി റെയിൽവേസ്റ്റേഷനിൽവച്ച് കാൽ വഴുതി വീണുവെന്നും, അടുത്ത ധിവസം ആസ്പത്രിയിൽ വച്ച് മരിച്ചുവെന്നുമാണ് പോലീസ് പറയുന്നത്. "അപകട" വിവരം അറിഞ്ഞ് സുഭാഷിന്റെ അഛൻ ദൽഹിയിലെത്തി മകനുമായി സംസാരിച്ചു. ഓപ്പറേഷൻ നടത്താനുള്ള അനുമതി പത്രത്തിൽ താൻ ഒപ്പിട്ടു കൊടുത്തതായി മകൻ പറഞ്ഞതായും അദ്ദേഹം വെളിപ്പെടുത്തി. ഇത്രയെല്ലാമായിട്ടും പോലീസ് ആസ്പത്രിയിലെത്തുകയോ മരണമൊഴി രേഖപ്പെടുത്തുകയോ ചെയ്തില്ല.

തന്റെ മകൻ അപകടത്തിൽ മരിച്ചതല്ലെന്നും ഇതിന്റെയെല്ലാം പിന്നിൽ വലിയൊരു ഗൂഢാലോചനയുണ്ടെന്നും അദ്ദേഹം പറയുന്നു. അന്ന് ദൽഹിയിലും യു.പി.യിലും ബി.ജെ.പി.യാണ് ഭരിച്ചിരുന്നത്. തന്റെ മകനെ തീവണ്ടിയിൽനിന്ന് തള്ളിയിട്ട് കൊന്നതാണെന്നും അതിനെപ്പറ്റി അന്വേഷിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് അദ്ദേഹം ദൽഹി ഹൈക്കോടതിയിൽ ഹർജി സമർപ്പിച്ചിരുന്നു. ഹൈക്കോടതി ദൽഹി പോലീസിനോട് ഈ പരാതിയെപ്പറ്റി അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ പലതവണ ആവശ്യപ്പെടവെങ്കിലും ഒരു ഫലവുമുണ്ടായില്ല. ഈ കേസിപ്പോഴും അങ്ങനെ കിടക്കുന്നു.

ഇതിന്നിടയിലാണ് ബാബരി മസ്ജിദ് ആക്ഷൻ കമ്മിറ്റി ബാബരി മസ്ജിദ് കേസുമായി ബന്ധപ്പെട്ട ഫയലുകൾ ആവശ്യപ്പെട്ടുകൊണ്ട് ഹർജി സമർപ്പിച്ചത്. ഇതിനുള്ള യു.പി. ചീഫ് സെക്രട്ടറിയുടെ റിപ്പോർട്ടിലാണ് 23 ഫയലുകൾ കാണാനില്ലെന്ന് പറഞ്ഞിരിക്കുന്നത്. കാണാനില്ലാത്ത ഫയലുകളിൽ ബാബരി മസ്ജിദ് ഫയലുകളുണ്ടോ എന്ന് ചീഫ് സെക്രട്ടറി പറയുന്നില്ല. കാണാനില്ലാത്ത ഫയലുകളിൽ ഇതും ഉണ്ടാവാമെന്നു മാത്രമേ ചീഫ് സെക്രട്ടറി പറയുന്നുള്ളൂ.

ഫയൽ കാണാതായിട്ടുണ്ടെങ്കിലും ഫയൽ എന്തിനെക്കുറിച്ചുള്ളതാണെന്നതു സംബന്ധിച്ച് കുറിപ്പ് അവശേഷിക്കുന്നുണ്ട്. ഇതനുസരിച്ച് 1991 ൽ സമർപ്പിച്ച ഒരു സത്യവാങ്മൂലം സംബന്ധിച്ചുള്ളതാണ് ഒരു ഫയൽ. തർക്ക ➡





പ്രദേശം ഒരു മുസ്ലീം പള്ളിയാണെന്നും അയോധ്യയിൽ ഒരിക്കലും ശ്രീരാമ ക്ഷേത്രം ഉണ്ടായിരുന്നില്ലെന്നും ഈ സത്യവാങ് മൂലത്തിൽ പറയുന്നുണ്ട്. ബാബരി മസ്ജിദ് ബോംബ് വച്ചു തകർക്കാനുള്ള ഗൂഢാലോചന സംബന്ധിച്ചതാണ് മറ്റൊരു ഫയൽ. കല്യാൺ സിങ്ങിന്റെ ഗവർമ്മേണ്ട് 1991ൽ അയോധ്യയിൽ ഭൂമി അക്വയർ ചെയ്തതാണ് മറ്റൊന്നിലെ വിഷയം.

കാണാതായ ഈ ഫയലുകൾ എത്രത്തോളം പ്രധാനമാണെന്ന് പറയാൻ പറ്റില്ല. അറുപതുകൊല്ലമായി നടന്നുവരുന്ന അയോധ്യാ കേസുകൾക്ക് അറുതിയുണ്ടാക്കാൻ ഇത് സഹായിക്കുമോ എന്നും പറയാനാവില്ല.

(ഫ്രണ്ട് ലൈനിൽനിന്ന് സംഗ്രഹിച്ചത്) ❑

# ഋതയുടെ വായാടിത്തവും മായാവതിയുടെ തിരിച്ചടിയും

**- ശരത് പ്രധാൻ -**

**ഒ**ന്നാം റൗണ്ടിൽ യു.പി. മുഖ്യമന്ത്രി ജയിച്ചുവെന്നത് തീർച്ചയാണ്. പി.സി.സി. പ്രസിഡണ്ട് ഋത ബഹുഗുണജോഷിയെ സകലരും അപലപിച്ചു. മായാ



ഋത ബഹുഗുണജോഷി

വതിയെ ആരെങ്കിലും ബലാത്സംഗം ചെയ്തിരുന്നുവെങ്കിൽ കോൺഗ്രസ് ഒരു കോടി രൂപ നഷ്ടപരിഹാരം നൽകുമായിരുന്നു എന്ന് അർത്ഥം വരുന്ന തരത്തിലുള്ളതായിരുന്നു ഋതയുടെ പ്രസ്താവന. ഇത് സകലരേയും നടുക്കിക്കളഞ്ഞു.

ബലാത്സംഗം ചെയ്യപ്പെട്ട ഒരു ദളത് യുവതിക്ക് 25,000ക. യുടെ "നഷ്ടപരിഹാരം" എത്തിച്ചു കൊടുക്കാൻ മായാവതി ലക്ഷക്കണക്കിന്ന് രൂപ ചെലവാക്കി പോലീസ് ഡയറക്ടർ ജനറലിനെ ഹെലിക്കോപ്റ്ററിൽ അയച്ചു എന്നൊരു വാർത്തയെ പരാമർശിച്ചുള്ളതായിരുന്നു ഋതയുടെ വായാടിത്തം. സ്വാഭാവികമായും ഋതയുടെ പരാമർശം എല്ലാവരേയും അരിശം കൊള്ളിച്ചു. ഋത അറസ്റ്റ് ചെയ്യപ്പെട്ടു.

ഋതയുടെ ഈ ദളിത വരുദ്ധ പ്രസ്താവനയിൽനിന്ന് മുതലെടുക്കാമെന്നു കരുതിയ മായാവതിക്ക് പിഴപറ്റി. ബി.എസ്.പി. ക്കാരാണെന്ന് പറയപ്പെടുന്ന ഒരു സംഘം ഋതയുടെ വീട് തല്ലിത്തകർത്ത് തീവക്കുന്നത് ഗവർമ്മേണ്ട് നോക്കിനിന്നു. ബി. എസ്. പി. എം.എൽ. എ. ജിനേന്ദ്ര സിങ് ബബ്ജുവിന്റെ നേതൃത്വത്തിലുള്ള ഒരു സംഘമാണ് ഈ കൊള്ളിവയ്പ് നടത്തിയതെന്നു പറയുന്നുണ്ട്. മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്ന് വെറും അമ്പതു മീറ്റർ അകലെയുള്ള വീടാണ് പാർട്ടിക്കാർ തകർത്തത്. മുറ്റത്ത് കിടന്നിരുന്ന നാലു വാഹനങ്ങളും കത്തിച്ചു കളഞ്ഞു.

ബി.എസ്.പി. ക്കാരുടെ ഈ അതിക്രമം കോൺഗ്രസ്സുകാർക്കിടയിൽ ഐക്യമുണ്ടാക്കി. ഈ അക്രമത്തെ ഗോധ്രയോടാണ് പി.സി.സി. വക്താവ്

സുബോധ ഉപമിച്ചത്. മായാവതിയുടെ ഗൂഢാലോചനയുടെ ഫലമാണിതെന്നു വരെ കോൺഗ്രസ്സുകാർ ആരോപിച്ചു.

സോണിയാഗാന്ധിയടക്കം ദൽഹിയിലുള്ള കോൺഗ്രസ് നേതാക്കന്മാർ ഈ വഴക്കിൽ തലയിടാതിരിക്കാൻ പ്രത്യേകം ശ്രദ്ധിച്ചു. ഋതയുടെ പ്രസ്താവനയെ ആദ്യഘട്ടത്തിൽ എല്ലാവരും വിമർശിച്ചുവെങ്കിലും ഋതയുടെ വീട് തല്ലിത്തകർത്ത് അഗ്നിക്കിരയാക്കിയതോടെ കോൺഗ്രസ്സുകാർക്ക് ഒരു പിടിവള്ളി കിട്ടി. രാഹുൽ ഗാന്ധിയടക്കമുള്ള നേതാക്കന്മാർ മായാവതിക്കെതിരെ തിരിഞ്ഞു.

ഋതയുടെ പ്രസ്താവനയെ സോണിയഗാന്ധി അപലപിച്ചതായി എ.ഐ.സി.സി. ജനറൽ സെക്രട്ടറി ദിഗ്‌വിജയ് സിങ് പ്രസ്താവിച്ചു. അതിന്നുമുമ്പുതന്നെ ഋത ക്ഷമാപണം നടത്തിയിരുന്നു. കാര്യം അവിടെ അവസാനിപ്പിക്കേണ്ടതായിരുന്നു. പക്ഷെ കോൺഗ്രസ്സിനെ തല്ലാൻ പറ്റിയ ഒരു വടിയാണിതെന്ന ചിന്തയിൽ മായാവതി മുന്നോട്ടു പോയി. ഋതയുടെ വീട് തീവച്ചു നശിപ്പിക്കാൻ മുന്നിട്ടു നിന്നു പ്രവർത്തിച്ചവരിൽ ഒരാളെന്നു പറയപ്പെടുന്ന ഇന്തിസാർ അബ്ദിയെ പഞ്ചസാര സഹകരണ സംഘങ്ങളുടെ ചെയർമാനായി നിയമിച്ചു. ഇത് മന്ത്രി സ്ഥാനത്തിന്ന് തുല്യമായ പദവിയാണ്. ഋത സംഭവത്തിന്നൊക്കെ വളരെ മുമ്പാണ് അബ്ദിയെ നിയമിച്ചതെന്നാണ് മുഖ്യമന്ത്രി ഇതിനെപ്പറ്റി പറയുന്നത്.

പക്ഷെ ഇതിന്നിടയിൽ കോൺഗ്രസ്സുകാർ പഴയൊരു കേസ് കുത്തിപൊക്കിക്കൊണ്ടുവന്നു. ഋതയുടെ വായാടിത്തം പോലെ ഒന്ന്, പണ്ട് മായാവതിയും നടത്തിയിരുന്നു. 2007 ജനുവരിയിലാണത്. മുലായം സിങ് യാദവായിരുന്നു അന്നു മുഖ്യമന്ത്രി. മുസ്ലീം സമുദായത്തിൽപെട്ട മൂന്നു സ്ത്രീകൾ ബലാത്സംഗത്തിന്നരയായെന്നായിരുന്നു അന്നത്തെ കേസ്. അപമാനിതരായ ഓരോരുത്തർക്കും രണ്ടു ലക്ഷം രൂപ വീതം നൽകാൻ മുഖ്യമന്ത്രി മുലായം സിങ് കൽപ്പിച്ചുവെന്നാണ് പറയുന്നത്. അന്നു മായാവതി ഇങ്ങനെ പറഞ്ഞതായി റിപ്പോർട്ടുണ്ട് "മുലായം സിങ്ങിന് പുത്രിമാരില്ലായിരിക്കും. എന്നാൽ അദ്ദേഹത്തിന്റെ സഹോദരന്മാർക്കും സഹോദരിമാർക്കും പുത്രിമാരുണ്ടാകും. അവർ ബലാത്സംഗത്തിന്നിരയായാൽ, ഇപ്പോൾ ബലാത്സംഗത്തിന്നിരയായ പാവങ്ങളോട് നാലു ലക്ഷം രൂപ പിരിച്ചുണ്ടാക്കി മുലായമിന്റെ മുഖത്ത് വലിച്ചെറിയാൻ ഞാൻ ആവശ്യപ്പെടും". മായാവതിക്ക് ഇങ്ങനെ പറയാമെങ്കിൽ, ഋത പറഞ്ഞത് എങ്ങനെ അക്ഷന്തവ്യമാകുമെന്നാണ് കോൺഗ്രസ്സുകാർ ചോദിക്കുന്നത്.

ഏതായാലും ഭരണിപ്പാട്ടുകാർക്ക് ശമനം വരുന്ന ലക്ഷണമുണ്ട്. പ്രാദേശിക കോൺഗ്രസ്സുകാർ രഹസ്യമായി സമ്മേളിച്ച് ഋതയെ ന്യായീകരിക്കാൻവരെ സന്നദ്ധമായിട്ടുണ്ട്. ബലാത്സംഗത്തിന്നിരയായ ദളിത സ്ത്രീക്ക് 25000 ക. മാത്രം നൽകിയ മായാവതിയുടെ നടപടിയിലുള്ള മനോവേദന പ്രകടിപ്പിക്കുക മാത്രമാണ് ഋതാജി ചെയ്തതെന്ന് പി.സി.സി. സെക്രട്ടറി ശ്രീവാസ്തവ ഇപ്പോൾ പറയുന്നു. മറ്റു കക്ഷികളും കോൺഗ്രസ്സിന്റെ സഹായത്തിനെത്തിയിട്ടുണ്ട്. മുലായമിന്റെ സമാജ്‌വാദി പാർട്ടിയും അതുപോലെ തന്നെ ബി.ജെ.പി. യും ഋതയുടെ വീട് തല്ലിതകർത്ത് നശിപ്പിച്ചതിനെ അപലപിച്ചിട്ടുണ്ട്. അതോടെ പ്രശ്നം ആറിത്തണുത്തതായി തോന്നുന്നു. ജൂലായ് 22ന്ന് സംസ്ഥാനത്താകെ "ലജ്ജാദിന"മായി ആദരിക്കാൻ മായാവതി ആഹ്വാനം നൽകിയിരുന്നു. സംസ്ഥാനത്താകെ പ്രകടനങ്ങളും ബഹളങ്ങളും ഉണ്ടാകുമെന്നാണ് ഭയപ്പെട്ടിരുന്നത്. പക്ഷെ ഒന്നും സംഭവിച്ചില്ല. ബി.എസ്.പി. ക്കാർക്കുപോലും വലിയ താൽപര്യമൊന്നും കണ്ടില്ല. ❏



# ചികിത്സാ ചെലവ് കുറയ്ക്കാൻ ഒരു ജനകീയ പ്രസ്ഥാനം

- പ്രജ്ഞാ സിങ് -

യുദ്ധങ്ങളുടെ ഒരു ദീർഘകാല ചരിത്രം ചിത്തോർഗഡിന്നുണ്ട്. ഇതൊക്കെ കഴിഞ്ഞിട്ടും കോട്ടമൊന്നും തട്ടാത്തൊരു കോട്ടയും അവിടെയുണ്ട്. എന്നാൽ ഇന്നും വിപ്ലവം സംഭവിച്ചുകൊണ്ടിരിക്കുന്ന ഒരു നാടാണ് അതെന്ന് ഒറ്റ നോട്ടത്തിൽ തോന്നുകയില്ല.

തെക്കൻ രാജസ്ഥാനിലെ ഈ മലമ്പ്രദേശ ജില്ലയിൽ ഒരു കൊല്ലം മുമ്പാണൊരു വിപ്ലവം ആരംഭിച്ചത്. ഇന്ത്യയിലെവിടെയായാലും ചികിത്സാ ചെലവ് താങ്ങാനാകാത്തതാണ്. എന്നാൽ ചിത്തോർഗഡിൽ ഔഷധങ്ങളുടെ വല കുറച്ചു; ദരിദ്രർക്കുപോലും ഔഷധം വാങ്ങാമെന്നായി.

സാധാരണ തരത്തിലുള്ള "മെഡിക്കൽ ഷോപ്പുകൾ" ഇന്നും ചിത്തോർഗഡിലുണ്ട്. എന്നാൽ സെൻട്രൽ കോഓപ്പറേറ്റീവ് ബാങ്ക് നടത്തുന്ന 16 മെഡിക്കൽ സ്റ്റോറുകൾ ഏതാണ്ട് പകുതി വിലക്ക് ഔഷധങ്ങൾ നൽകുന്നു.

അതിദരിദ്രമായൊരു മേഖലയാണ് ചിത്തോൾഗഢ്. ഇവിടെ ഔഷധങ്ങൾ "ജനറിക്" പേരിൽ വിൽക്കുന്നു. ഈ പ്രദേശത്തെ 564 തരം ഔഷധങ്ങൾ "കമ്പനി പേരി"ൽ വിൽക്കുന്നുണ്ട്. ജനറിക് പേരിലുള്ള അല്പം ചില ഔഷധങ്ങൾ കൊണ്ടാണ് ഈ കളി മുഴുവനും നടക്കുന്നത്. ഉദാഹരണത്തിന് സമ്മർദ്ദത്തിന്നുള്ള ഡയാസെപാം പല കമ്പനിക്കാർ പല പേരിൽ വിൽക്കുന്നുണ്ട്. സാധാരണ മെഡിക്കൾ സ്റ്റോറുകളിൽ 21 ക. വരെ വാങ്ങുന്ന ഈ മരുന്ന് സഹകരണ സ്റ്റോറിൽ രണ്ടര രൂപക്കാണ് വിൽക്കുന്നത്. അതുപോലെ രക്തസമ്മർദ്ദം നിയന്ത്രിക്കാനുള്ള സിംവാസ്റ്റാറ്റിൻ പല പേരുകളിൽ വിൽക്കുന്നുണ്ട്. ചിലർ 120ക. വസൂലാക്കുന്ന ഈ മരുന്നിന്ന് സഹകരണ സ്റ്റോറിൽ 35 രൂപയേ വിലയുള്ളൂ. ഇതെങ്ങനെ സാധിക്കുന്നു? സഹകരണ സ്റ്റോറിൽ ജനറിക് മരുന്നേ വിൽക്കുന്നുള്ളൂ. ഒരു മരുന്ന് ഒരു കമ്പനി കണ്ടു പിടിക്കുമ്പോൾ അവരതിന്ന് തോന്നിയ വില വസൂലാക്കും. എന്നാൽ പേറ്റന്റിന്റെ കാലാവധി കഴിഞ്ഞാൽ ഏത് മരുന്നു കമ്പനിക്കും അതുണ്ടാക്കി വിൽക്കാം. അതാണ് ജനറിക് മരുന്ന്. പക്ഷെ ഇന്ന് മെഡിക്കൽ സ്റ്റോറുകൾ പഴയ പേറ്റന്റ് വില തന്നെ വസൂലാക്കുന്നു.

ഇന്ത്യയുടെ മറ്റു ഭാഗങ്ങളിൽ ഔഷധങ്ങളുടെ വില നിയന്ത്രിക്കുക അത്യന്തം വിഷമകരമാണ്. എന്നാൽ ചിത്തോർഗഢിൽ നടക്കുന്നതുകാണുമ്പോൾ ഏതു ഗവർമ്മേണ്ടിന്നും വില വിയന്ത്രിക്കാൻ കഴിയുമെന്നു തോന്നും. വിലയല്ല പ്രശ്നം. ജനറിക് മരുന്നുകളുടെ ഫലപ്രാപ്തിയെക്കുറിച്ച് രോഗികൾക്ക് വിശ്വാസം വരുന്നില്ല.

ഇന്ത്യയിൽ രോഗികളിൽ 80 ശതമാനവും സ്വന്തം പോക്കറ്റിലെ പണമെടുത്താണ് ചികിത്സിക്കുന്നത്. ഈ ചെലവിലധികവും മരുന്നിന്റെ വിലയുമാണ്. ഈ സ്ഥിതി മാറ്റമണമെന്ന് ചിത്തോർഗഢ് കലക്ടർ ഡോ. സ്മിത് ശർമ്മ 2008 ജൂലായിയിൽ തീരുമാനിച്ചു. ആദ്യംതന്നെ അദ്ദേഹം സർക്കാർ ആസ്പത്രികളേയും അവിടത്തെ ഡോക്ടർമാരേയും പിടികൂടി. കമ്പനി പേരുള്ള മരുന്നുകൾ നിശ്ചയിക്കരുതെന്നും ജനറിക് മരുന്നുകളേ രോഗി

കൾക്കുള്ള കുറിപ്പിൽ കാണാവൂ എന്നും അദ്ദേഹം നിർദ്ദേശിച്ചു. അതിന്നു ശേഷം അദ്ദേഹം ജനറിക് ഔഷധങ്ങളുടെ പ്രചാരകനായി തെരുവകളിലെല്ലാം ബോർഡ് സ്ഥാപിച്ചു. "ജനറിക് മരുന്നു വാങ്ങുക; അതിന്ന് വില വളരെ കുറയും". അതല്ലെങ്കിൽ "ഡോക്ടറോട് ജനറിക് പേര് കുറിച്ചുതരാൻ ആവശ്യപ്പെടുക"എന്നിങ്ങനെ പോകുന്നു.

ഇതോടൊപ്പം തന്നെ ഏതു ഡോക്ടർ ഏതെല്ലാം കമ്പനിയുടെ ഔഷധങ്ങളുടെ പേര് കുറിച്ചു നൽകുന്നുണ്ടെന്ന് അന്വേഷിക്കാനും ഏർപ്പാട് ചെയ്തു. ഫലം ആശാവഹമായിരുന്നു. സർക്കാർ ആസ്പത്രികളിലെ ഔഷധ ചെലവ് നാലുകോടി രൂപ കണ്ട് കുറഞ്ഞു.

കലക്ടർ ശർമ്മ ഐ.എ.എസ്. പാസാകുന്നതിന്ന് മുമ്പ് ഒരു മെഡിക്കൽ ഡോക്ടറായിരുന്നു. അതിനാൽ അദ്ദേഹത്തിന്ന് ഇതിന്റെ ഉള്ളുകള്ളികളെല്ലാം അറിയാം. ഗവർമ്മേണ്ടിന്റെ ആരോഗ്യ വകുപ്പിന്റെ ചെലവ് കുറയ്ക്കണമെന്ന് ഗവർമ്മേണ്ടിന്ന് താൽപര്യമുണ്ടെങ്കിൽ "ഒന്നുകിൽ ഔഷധങ്ങളുടെ വില നിയന്ത്രിക്കണം; അല്ലെങ്കിൽ ജനറിക് പേരുകൾ കുറിക്കാൻ ഡോക്ടർമാരോട് ആവശ്യപ്പെടണം" എന്നാണദ്ദേഹം പറയുന്നത്.

വാസ്തവത്തിൽ ഇപ്പോൾതന്നെ അങ്ങനെയൊന്നുണ്ട്. 2002 ൽ ഇന്ത്യൻ മെഡിക്കൽ കൗൺസിൽ ഔഷധങ്ങളുടെ ജനറിക് പേർ മാത്രമേ കുറിക്കാവൂ എന്ന് കല്പിച്ചിട്ടുണ്ട്. പക്ഷെ അതു നടപ്പാക്കാൻ ആരും മെനക്കെട്ടിട്ടില്ലെന്ന് ഡോ. ശർമ്മ പറയുന്നു.

ഏതായാലും തന്റെ ശ്രമം ഫലിക്കുന്നുണ്ടെന്ന് ഡോ. ശർമ്മ പറയുന്നു. സർക്കാർ സ്റ്റോറുകളിൽ വില കുറഞ്ഞപ്പോൾ സ്വകാര്യ മേഖലക്കാരും വില കുറയ്ക്കാൻ നിർബ്ബന്ധിതരായി വരുന്നുണ്ട്. സെൻട്രൽ കോ ഓപ്പറേറ്റീവ് ബാങ്കിന്റെ മാനേജിങ് ഡയറക്ടറായ പ്രദീപ് സഹായയുടെ അഭിപ്രായവും അതുതന്നെയാണ്. രാജസ്ഥാനിലെ മറ്റു ജില്ലകളിലേക്കും ഇത് വ്യാപിച്ചിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ജയപ്പൂർ, ഭിൽവാര, ജലോർ, സിരോഹി എന്നിവയടക്കം ഒമ്പതു ജില്ലകൾ ഈ വഴിക്ക് തിരിഞ്ഞുകഴിഞ്ഞു. "ചിത്തോൾഗഡിലെ വിലനിരക്കനുസരിച്ച്" ഔഷധം വാങ്ങണമെന്ന് ഇപ്പോൾ നിർദ്ദേശിക്കാറുണ്ട്.

ചില ഔഷധങ്ങളുടെ കാര്യത്തിൽ ഇടനിലക്കാരെ ഒഴിവാക്കിയതുകൊണ്ടു മാത്രം വില ഏഴിലൊന്നായി കുറഞ്ഞിട്ടുണ്ട്. മരുന്ന് വാങ്ങാൻ അയൽ ജില്ലകളിൽനിന്ന് രോഗികൾ എത്താറുണ്ട്. അയൽ ജില്ലകളിൽനിന്നു കിട്ടുന്ന ഓർഡറുകളിൽ രണ്ടോ മൂന്നോ കോടി എപ്പോഴും ബാക്കിയായിരിക്കും.

കൃത്രിമ ഔഷധങ്ങളെക്കുറിച്ചുള്ള ഭീതി നീക്കാൻ മാർഗ്ഗം കണ്ടെത്തണമെന്നാണ് വിദഗ്ധർ പറയുന്നത്. മിക്ക ജനറിക് ഔഷധങ്ങൾക്കും ഉല്പാദന ചെല് നിസ്സാരമാണ്. അതുകൊണ്ടു തന്നെ മായം ചേർക്കാനിടയില്ല. ജനറിക് ഔഷധങ്ങൾ നിർമ്മിക്കാൻ 22 മരുന്നു കമ്പനികളെ തിരഞ്ഞെടുത്തിട്ടുണ്ട്. 35 കമ്പനികൾ കൂടി സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. അർബുദ ചികിത്സയൊഴിച്ചുള്ള ചികിത്സകളിലെല്ലാം ജനറിക് മരുന്ന് ഏതായാലും ഒരേ ഫലം ചെയ്യുമെന്നാണ് ഔഷധോപയോഗം സംബന്ധിച്ച സൊസൈറ്റിയുടെ വക്താവായ രജ്ജിക് റോയ് ചൗധരി പറയുന്നത്.

ജനറിക് ഔഷധങ്ങൾ നടപ്പാക്കാതെ ഇന്ത്യയെപ്പോലുള്ള ഒരു രാജ്യത്ത് ചികിത്സാ ചെയവ് കുറയ്ക്കാനാവില്ലെന്ന് യൂനിസെഫിന്റെ കുമാർ വിക്രം പറയുന്നു. വിലകുറഞ്ഞ ജനറിക് മരുന്നുകൾ ഉല്പാദിപ്പിച്ച് വിതരണം ➡ ചെയ്യാൻ ഇനിയും ഒരു സംഘടിത ശ്രമം നടന്നിട്ടില്ല.

കമ്പോള ശക്തികളെ കയറൂരി വിടുക എന്നതാണ് ഇന്ത്യയുടെ ഇന്നത്തെ നയമെന്നിരിക്കെ ഡോ. ശർമ്മ പറയുന്ന ഔഷധ വില നിയന്ത്രണത്തിനെന്താണ് പ്രസക്തി എന്നു ചോദിച്ചപ്പോൾ ഡോ. ശർമ്മ വാചാലനായി.

ഇതു വിചിത്രമാണ്. ജനറിക് ഔഷധങ്ങളുടെ ഏറ്റവും വലിയ ഉല്പാദകർ ഇന്ത്യയാണ്. ലോകത്തിൽ ഏറ്റവും കുറഞ്ഞ ചിലവ് ഇന്ത്യയിലാണ്. എന്നിട്ടും സ്വന്തം പോക്കറ്റിൽനിന്ന് കാശെടുത്ത് മരുന്നു വാങ്ങുന്നത് ഇന്ത്യയിലാണ് കൂടുതൽ. ഗവർമ്മേണ്ട് നിയന്ത്രിക്കാതെ ഔഷധവില കുറയ്ക്കാൻ മാർഗ്ഗമൊന്നുമില്ല. മെഡിക്കൽ കോളേജിൽ അഞ്ചുകൊല്ലം പഠിച്ചാലേ ബിരുദം കിട്ടൂ. എന്നാൽ ജനറിക് ഔഷധങ്ങളെപ്പറ്റി അവരെ ഒരിക്കലും പഠിപ്പിക്കാറില്ല. ജനറിക് ഔഷധങ്ങളെക്കുറിച്ച് അവർ അറിയുന്നതുതന്നെ മെഡിക്കൽ റപ്രസൻടേറ്റീവുകളിൽ നിന്നാണ്. മെഡിക്കൽ റെപ്രസൻടേറ്റീവുകൾക്ക് ഇതിൽ നിക്ഷിപ്ത താൽപര്യമുണ്ടല്ലോ. ഒരേ ഔഷധം പല കമ്പനി പേരുകളിൽ കൊണ്ടുവരുന്നത് അവരാണ്. പലപ്പോഴും ഡോക്ടർമാർക്ക് വിട്ടുവീഴ്ച ചെയ്യേണ്ടിവരും. അവരുടെ പല ആവശ്യങ്ങളും ഔഷധ കമ്പനികളാണ് നിറവേറ്റുന്നത്. പക്ഷെ ഡോക്ടർമാരെല്ലാം കള്ളന്മാരാണെന്നു പറയരുത്. വാസ്തവത്തിൽ അവരിൽ പലർക്കും ജനറിക് ഔഷധങ്ങളുടെ ഫലപ്രാപ്തിയെപ്പറ്റി ഒന്നും അറിയില്ല. അതുകാരണം എളുപ്പത്തിൽ മെഡിക്കൽ റെപ്രസൻടേറ്റീവുകൾക്ക് ഇരയാകുന്നു.

ഡോ. ശർമ്മ ഝലവാറിൽ കലക്ടറായിരുന്നപ്പോഴും ഇതു പരീക്ഷിച്ചിരുന്നു. പക്ഷെ അദ്ദേഹത്തെ ചിത്തോർഗഡ് എന്ന കാട്ടുമൂലയിലേക്ക് സ്ഥലം മാറ്റിയതോടെ ഝലവാറിലെ പരീക്ഷണം പാളിപ്പോയി. ഒരാൾക്ക് ഒറ്റക്ക് ഒന്നും ചെയ്യാനാവില്ലെന്ന് ഡോ. ശർമ്മ മനസ്സിലാക്കി. അതുകൊണ്ടാണ് അദ്ദേഹം ഇവിടത്തേത് ഒരു ജനകീയ പ്രസ്ഥാനമാക്കിയത്. ചിത്തോർഗഡിലെ ഡോക്ടർമാരും രോഗികളും ഔഷധ വ്യാപാരികളുമെല്ലാം ഉൾക്കൊള്ളുന്നതാണ് ചിത്തോർഗഡിലെ പരീക്ഷണം. ❑

# അന്തംകെട്ട പത്രക്കാരും വിവരംകെട്ട ഡോക്ടർമാരും

**ക**ലാപം കാശ്മീരിലാകയാൽ ആരുമത് കാര്യമാക്കിയില്ല. കാശ്മീരിൽ കലാപമൊരു നിത്യസംഭവമാണല്ലൊ. എന്നാൽ ഈ ജൂണിൽ കാശ്മീരിലുണ്ടായ കലാപം പത്രക്കാരുടേയും ഡോക്ടർമാരുടേയും സൃഷ്ടിയായിരുന്നു.

ജൂൺ ആദ്യത്തിൽ രണ്ടു സ്ത്രീകളുടെ ദേഹങ്ങൾ ഷോ-യൻ തീരത്ത് കരയ്ക്കടിഞ്ഞതോടെയാണ് ഇത്തവണത്തെ കലാപം ആരംഭിക്കുന്നത്. വിവാഹിതയായ ഒരു മുസ്ലീം യുവതിയുടേയും അവിവാഹിതയായ കൂട്ടുകാരിയുടേയും മൃതദേഹങ്ങളായിരുന്നു അവ. ഇതു സംബന്ധിച്ച വാർത്ത പരന്നതോടെ നാട്ടിലാകെ കലാപമായി. പോസ്റ്റ് മോർട്ടം നടത്തിക്കൊണ്ടിരുന്ന മൃതദേഹങ്ങൾ ജനക്കൂട്ടം പിടിച്ചെടുത്തു കൊണ്ടുപോയി. പത്രങ്ങൾ അവരുടേതായ കഥകൾ എഴുതിവിടാനും

ആരംഭിച്ചു. അടുത്തകാലത്തൊന്നും മുണ്ടായിട്ടില്ലാത്തയത്ര ഭീകരമായ കലാപമാണിത് കാശ്മീരിൽ ഉളവാക്കിയത്. മലയാള പത്രങ്ങളിലൊന്നും ഇത് വാർത്തയായില്ല നമുക്ക് നമ്മുടേതായ "കഥകൾ" ധാരാളമുണ്ടല്ലോ.

കലാപം മൂത്തപ്പോൾ കാശ്മീർ ഗവർമ്മേണ്ട് ജ. മുസാഫർ ജീനിനെ ഏകാംഗ കമ്മീഷനായി നിയമിച്ചു. അയോധ്യാപ്രശ്നം അന്വേഷിച്ച ജ. ലിബറാന്റെ കമ്മീഷനെപ്പോലെ ഈ കമ്മീഷന്റെ അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചു. ഗവർമ്മേണ്ട് ആ റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയും ചെയ്തു. പത്രക്കാരും ഭരണാധികാരികളും കൂടി വരുത്തിക്കൂട്ടിയ മാരണത്തിന്റെ വിശ്വരൂപം തുറന്നു കാട്ടുന്നതാണ് ഈ റിപ്പോർട്ട്.

ഗവർമ്മേണ്ടിന്നു പറ്റിയ വീഴ്ചകൾക്ക് നാലു പോലീസ് ഉദ്യോഗസ്ഥന്മാരെ പ്രോസിക്യൂട്ട് ചെയ്യാൻ നിശ്ചയിച്ചതായി റിപ്പോർട്ട് പ്രസിദ്ധീകരിച്ചുകൊണ്ട് ഗവർമ്മേണ്ട് പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ ഈ മാരണം മുഴുവൻ വരുത്തിക്കൂട്ടിയ മാധ്യമങ്ങൾക്കെതിരെ എന്തു നടപടിയെടുക്കണമെന്ന് ഗവർമ്മേണ്ട് പ്രഖ്യാപിച്ചിട്ടില്ല. തങ്ങൾ പ്രചരിപ്പിച്ച നുണകൾക്ക് എന്തു പ്രായശ്ചിത്തം ചെയ്യുമെന്ന് പത്രക്കാരും പറയുന്നില്ല.

ചില പത്രക്കാരെങ്കിലും വെറും "കഥകൾ" കെട്ടിച്ചമച്ചുണ്ടാക്കിയിട്ടുണ്ടെന്ന് ജ. മുസാഫർ ജാൻ തന്റെ റിപ്പോർട്ടിൽ പറയുന്നു. ജൂൺ ആദ്യവാരത്തിൽ ശ്രീനഗറിലെ പല പത്രക്കാരും ഒരു കഥ പ്രചരിപ്പിക്കുകയുണ്ടായി. കൊല്ലപ്പെട്ട സ്ത്രീയുടെ ഭർത്താവിന്ന് മെയ് 29-ാം തിയ്യതി രാത്രി ഏഴുമണിക്ക് ഒരു ഫോൺ സന്ദേശം ലഭിച്ചുവെന്നും കേന്ദ്രറിസർവ്വ് പോലീസിൽപെട്ട(സി. ആർ.പി.) ഭടൻമാർ തങ്ങളെ വേട്ടയാടിക്കൊണ്ടിരിക്കുന്നതായി അവർ പറഞ്ഞുവെന്നുമായിരുന്ന വാർത്ത.

എന്നാൽ ജ. മുസാഫർ ജാൻ നേരിട്ടന്വേഷിച്ചപ്പോൾ, തന്റെ ഭാര്യക്ക് ഒരു മൊബൈൽ ഫോൺ ഉണ്ടായിരുന്നില്ലെന്ന് കൊല്ലപ്പെട്ട സ്ത്രീയുടെ ഭർത്താവ്. ആ സ്ത്രീയുടെ സഹോദരമും അതുതന്നെയാണെന്ന് പറഞ്ഞത്. ജ.മുസാഫിർ ജാൻ ആവശ്യപ്പെട്ടതനുസരിച്ച് മേയ് 29ന്നു ഷോപ്പിയാനിലെ 32686 മൊബൈൽ കോളുകളും പരിശോധിച്ചു. കൊല്ലപ്പെട്ട സ്ത്രീയുടെ കയ്യിൽ ഉണ്ടായിരിക്കാമായിരുന്ന ഏതെങ്കിലും ഫോണിൽനിന്ന് വിളിച്ചതായി കാണാൻ കഴിഞ്ഞില്ല.

പോലീസ് മേധാവിമാരുടെ നിർദ്ദേശമനുസരിച്ച് പോലീസുകാർ തെളിവു പൂഴ്ത്തുകയാണെന്ന് ചില പത്രക്കാർ എഴുതി വിട്ടു. മൊഹമ്മദ് യാസീൻ എന്ന പോലീസുകാരന്റെ പേർ ഇവർ പ്രത്യേകം എടുത്തു പറയുകയും ചെയ്തു. ബലാത്സംഗത്തിന്നിരയായ സ്ത്രീകളെ കണ്ടെത്താനുള്ള അന്വേഷണം നടക്കുന്നതിന്നിടയിൽ യാസീൻ അനേകം തവണ മേധികാരികളുമായി ബന്ധപ്പെടുകയുണ്ടായെന്നും അത് കേസൊതുക്കാനാണെന്നുമാണ് പത്രങ്ങൾ പറഞ്ഞത്. പോലീസ് മേധാവിമാർക്ക് ഈ കേസിലുള്ള അതീവ താല്പര്യത്തെ കാണിക്കുന്നതാണ് ഇതെന്നും പത്രങ്ങൾ എഴുതിവിട്ടു. എന്നാൽ ജ. മുസാഫിർ ജാൻ നേരിട്ടു നടത്തിയ അന്വേഷണത്തിൽ യാസിൻ അന്നേ ദിവസം നാലുതവണ മാത്രമേ മേധാവിമാരുമായി ബന്ധപ്പെട്ടിട്ടുള്ളൂവെന്നു കണ്ടെത്തി. അതാകട്ടെ പകലാണുതാനും. രാത്രി 10 മണിക്കാണ് ഈ സ്ത്രീകളെപ്പറ്റി അന്വേഷണമാരംഭിച്ചത്; രാവിലെ ആറുമണിക്ക് മൃതദേഹങ്ങൾ കണ്ടെത്തുകയും ചെയ്തു. രാത്രി 10ന്നും രാവിലെ 6ന്നു മിടയിൽ യാസീൻ ഒരിക്കൽപോലും മേധാവിമാരുമായി ബന്ധപ്പെട്ടിട്ടില്ലെന്നും കണ്ടെത്തി.

ഈ സ്ത്രീകളെ പോലീസധികൃതർ കൊല്ലുന്നത് ജമാലുദീൻ വാനി എന്നൊരാൾ കാണുകയുണ്ടായെന്നും മൃതദേഹം കണ്ടെത്തിയെന്നറിഞ്ഞപ്പോൾ ജമാലുദീൻ വാനിയെ പോലീസ് റാഞ്ചിക്കൊണ്ടുപോയെന്നും അയാളെ കാണാനില്ലെന്നും പത്രക്കാർ എഴുതി വിട്ടിരുന്നു. ഇതും നുണയാണെന്ന് ജ. മുസാഫർ ജാൻ കമ്മീഷൻ കണ്ടത്തി. ഷോപ്പിയാന്ന് തൊട്ടടുത്ത ഗ്രാമമായ ദേഹ് ഗമിലെ ഒരു കൊച്ചു കുടിലിൽ അയാൾ ഈ ബഹളമൊന്നുമറിയാതെ കഴിഞ്ഞു കൂടുന്നുണ്ട്. അവിടത്തെ മത പാഠശാലയിലെ കാവൽക്കാരനാണയാൾ.

ഇത് വസ്തുതകളുടെ കാര്യം. ഇതു തന്നെയാണ് മെഡിക്കൽ റിപ്പോർട്ടുകളുടേയും സ്ഥിതി. ചികിത്സാ സംബന്ധമായ മിക്ക തെളിവുകളും പത്രങ്ങൾ അവരുടെ സൗകര്യമനുസരിച്ച് വളച്ചൊടിക്കുകയാണ് ചെയ്തത്. രണ്ടു സ്ത്രീകളേയും കഠിനമായി മർദ്ദിക്കുകയും ബലാത്സംഗത്തിന്നിരയാക്കുകയും ചെയ്തിട്ടുണ്ടെന്നാണ് മെഡിക്കൽ റിപ്പോർട്ടുകളിൽനിന്ന് മനസ്സിലാക്കാൻ കഴിയുന്നതെന്ന് മിക്ക പത്രങ്ങളും എഴുതിവിട്ടു. എന്നാൽ ജ. മുസാഫിർ ജാൻ കമ്മീഷന്റെ റിപ്പോർട്ടിൽ ഇതിനൊന്നും യാതൊരു വിധ മെഡിക്കൽ തെളിവുമില്ലെന്നു പറയുന്നു. മാത്രമല്ല, ഒരു സ്ത്രീയുടെ ശരീരത്തിൽ മാത്രമേ പരിക്കിന്റെ ലക്ഷണം കാണുന്നുള്ളു. കൊല്ലപ്പെടുമ്പോൾ ഒരു സ്ത്രീ ഗർഭിണിയായിരുന്നു എന്നു പറയുന്നതു തീർത്തും തെറ്റാണെന്നും ജ. ജാൻ കമ്മീഷൻ വ്യക്തമാക്കിയിട്ടുണ്ട്.

കൊല്ലപ്പെടുന്നതിന്നുമുമ്പ് സ്ത്രീകൾ രണ്ടുപേരും ബലാത്സംഗത്തിന്നിരയായിരുന്നുവെന്ന് സ്ഥാപിക്കാൻ വേണ്ടിയാണെന്നു തോന്നുന്നു, സ്ത്രീകളുടെ വസ്ത്രങ്ങളാകെ കീറിപ്പറഞ്ഞ നിലയിലായിരുന്നുവെന്ന് പത്രങ്ങൾ എഴുതിവിട്ടിരുന്നു. മൃതദേഹങ്ങൾ കണ്ടെത്തി വീണ്ടെടുത്തവരോട് ജ. ജാൻ കമ്മീഷൻ ചോദിച്ചപ്പോൾ, അവരുടെ വസ്ത്രങ്ങളെല്ലാം സാധാരണനിലയിലായിരുന്നുവെന്ന് തെളിയുകയുണ്ടായി.

ഈ പത്ര റിപ്പോർട്ടുകളിൽ ഏറ്റവും ഹീനമായത്, ഇതിനെ വർഗീയവൽക്കരിക്കാൻ നടന്ന ശ്രമമാണ്. ദൃക്സാക്ഷികൾ പറഞ്ഞതെന്ന നിലയിൽ ചില പത്രങ്ങൾ, മരിച്ച സ്ത്രീകളിലൊരാളുടെ നെറ്റിയിൽ സിന്ദൂരപ്പൊട്ടു കണ്ടതായി എഴുതി വിട്ടിരുന്നു. സ്ത്രീകളെ ബലാത്സംഗം നടത്തിയത് ഹിന്ദുക്കളാണെന്നു മാത്രമല്ല, ബലാത്സംഗംതന്നെ മതപരമാണെന്നാണിതിന്റെ സൂചന. എന്നാൽ ജ. മുസാഫിർ ജാൻ കമ്മീഷന്റെ റിപ്പോർട്ടിൽ, ഒരു സ്ത്രീയുടെ നെറ്റിയിൽ കാണുന്ന ചുവന്ന നിറം, തലയിലെ മുറിവിൽ നിന്നൊഴുകിയ രക്തത്തിന്റെ പാടാണെന്നു പറയുന്നു. "രക്തത്തിന്റെ പാടിനെ നിർലജ്ജം സിന്ദൂരമാക്കി വളച്ചൊടിച്ചിരിക്കുന്നു" എന്നാണ് കമ്മീഷന്റെ റിപ്പോർട്ടിൽ പറയുന്നത്.

"ഇത്തരം റിപ്പോർട്ടുകളാണ് കാശ്മീർ അക്രമങ്ങൾക്കിടയാക്കിയത്. അതിനാൽ ഒരു വാർത്ത പ്രസിദ്ധീകരിക്കുന്നതിന്നു മുമ്പ് അതിന്റെ വിശ്വാസ്യത പരിശോധിക്കാൻ കർക്കശമായ മാർഗ്ഗ നിർദ്ദേശം നൽകേണ്ടതുണ്ട്" എന്നും കമ്മീഷൻ തുടർന്നു പറയുന്നു.

പത്രക്കാരുടെ സ്ഥിതി ഇതാണെങ്കിൽ, ഡോക്ടർമാരുടെ സ്ഥിതി ഒട്ടും മെച്ചപ്പെട്ടതല്ല. ബലാത്സംഗത്തിന്നും വധത്തിന്നും തെളിവു നൽകേണ്ടത് മെഡിക്കൽ റിപ്പോർട്ടാണ്. എന്നാൽ ഈ സ്ത്രീകളെ സംബന്ധിച്ച മെഡിക്കൽ റിപ്പോർട്ട് നിഷ്ഫലമാണെന്ന് കമ്മീഷൻ

ചൂണ്ടിക്കാട്ടുന്നു. ഈ സ്ത്രീകളുടെ മൃതദേഹങ്ങളെ ആദ്യം ഷോപ്പിയാനിലേയും പിന്നീട് പുൽവാമയിലേയും ആസ്പത്രികളിലാണ് പോസ്റ്റ്മോർട്ടത്തിന്നു വിധേയമാക്കിയത്.

ഷോപ്പിയാനിൽ പ്രാഥമിക പരിശോധന നടത്തിയ ഡോ. ബിലാൽ അഹമ്മദിന്റെ റിപ്പോർട്ടു പ്രകാരം ബലാത്സംഗമോ കയ്യേറ്റമോ നടന്നതിന്റെ ലക്ഷണമൊന്നുമില്ല. തലയിൽ ഒരു പരുക്ക് കാണുന്നുണ്ടെങ്കിലും ശ്വാസം മുട്ടിച്ചതിന്റെ ലക്ഷണമില്ല, പിടിവലി നടന്ന ലക്ഷണവും കാണുന്നില്ല.

പിന്നീട് ഡോക്ടർമാരുടെ ഒരു ടീം പോസ്റ്റ്മോർട്ടം നടത്തിയപ്പോൾ "ലൈംഗികാതിക്രമണ"ത്തിന്റെ ലക്ഷണം കാണുന്നുണ്ടെന്നു പറഞ്ഞു. പക്ഷെ ഇവരുടെ റിപ്പോർട്ടിൽ ആദ്യന്തം പരസ്പര വിരുദ്ധമായി പലതുമുണ്ട്. മരണകാരണം എന്താണെന്ന് ഡോ. ബിലാൽ അഹമ്മദിന്നോ രണ്ടാമത്തെ മെഡിക്കൽ സംഘത്തിന്നോ കഴിഞ്ഞിട്ടില്ല. ഇവർ മരിച്ചത് എപ്പോഴാണെന്ന കാര്യത്തിലും ഡോ. ബിലാൽ അഹമ്മദിന്റെ അഭിപ്രായമല്ല മറ്റുള്ളവർക്കുള്ളത്.

ഈ വൈരുധ്യങ്ങൾ കാരണം ജ. മുസാഫിർ ജാൻ കമ്മീഷൻ വൈദ്യ ശാസ്ത്ര വിദഗ്ധയായ ഡോ. ഫരീദ നൂറിലെ സാക്ഷിയായി വരുത്തി. ഇതിന്നു മുമ്പു നടന്ന രണ്ടു പോസ്റ്റ്മോർട്ടങ്ങളിലും ഒട്ടേറെ തെറ്റുകളുണ്ടെന്ന് ഡോ. ഫരീദ നൂർ പറഞ്ഞു. വാസ്തവത്തിൽ ഷോപ്പിയാനിലേയും പുൽവാമയിലേയും ഡോക്ടർമാക്ക് പോസ്റ്റ്മോർട്ടം നടത്താനറിയില്ലെന്ന് ഡോ. ഫരീദ പറഞ്ഞു.

ഷോപ്പിയൻ ഡോക്ടർമാരെ പഴിപറയും മുമ്പ്, ആവിടത്തെ സാഹചര്യം കൂടി ഓർക്കേണ്ടതാണ്. അത്യന്തം വിഷമകരവും ആപൽക്കരവുമായ ഒരു സാഹചര്യത്തിലാണ് തങ്ങൾ പണിയെടുക്കുന്നതെന്ന് ഡോക്ടർമാർ പറയുന്നു. ഷോപ്പിയൻ ജില്ലാ ആസ്പത്രിയിലെ സർജനായ ഡോ. ബിൽകസ് ജാനിനെ കമ്മീഷൻ വിളിച്ചു വരുത്തി തെളിവെടുത്തു. പോസ്റ്റ്മോർട്ടം നടത്തുമ്പോൾ പുറത്ത് ജനക്കൂട്ടം അനിയന്ത്രിതമായി ഇരമ്പി കയറുകയായിരുന്നു. പേടിച്ചരണ്ട ഡോ. ജാൻ ജനൽ വഴി പുറത്തു ചാടി ഓപ്പറേഷൻ തിയ്യറ്ററിൽ ഒളിച്ചിരുന്നു. ജനങ്ങൾ മൃതദേഹങ്ങളുമെടുത്ത് ഘോഷയാത്ര നടത്തി.

ഒടുവിൽ അധികൃതർ മൃതദേഹങ്ങൾ പിടിച്ചെടുത്ത് തിരിച്ചുകൊണ്ടുവന്നു. പുൽവാമയിലെ സ്ത്രീ രോഗവിദഗ്ധയായ ഡോ. നഗറ്റ് ഷഹീനിനെ കൊണ്ടുവന്നാണ് പോസ്റ്റ്മോർട്ടം പൂർത്തിയാക്കിയത്. പക്ഷെ ഇത്തരം ജോലികൾക്ക് ഒഴിവാക്കാനാകാത്ത സൂക്ഷ്മ ദർശിനി അവിടെ ഉണ്ടായിരുന്നില്ല. പോസ്റ്റ്മോർട്ടം നടത്തുമ്പോൾവീഡിയോ ക്യാമറ ഉപയോഗിച്ച് ഫിലിം ചെയ്തിരിക്കണമെന്നാണ് വ്യവസ്ഥ. അവിടെ വീഡിയോ ക്യാമറയും ഉണ്ടായിരുന്നില്ല. അത്രക്കൊന്നുംപോകണ്ട സർവ്വസാധാരണമായി ലഭിക്കുന്ന ഗ്ലോവ്, മുഖംമൂചടി, പഞ്ഞി എന്നിവ പോലും ലഭ്യമല്ലായിരുന്നു.

അവിശ്വസനീയമെന്നു പറയട്ടെ, മരിച്ച സ്ത്രീകളുടെ യോനിയിൽ പുരുഷ ബീജമുണ്ടോ എന്നറിയാൻ ഓരോ സാമ്പിൾ മാത്രമേ പോസ്റ്റ്മോർട്ട സമയത്ത് ശേഖരിച്ചിരുന്നുള്ളൂ. ടെസ്റ്റ് കഴിഞ്ഞപ്പോൾ അത് നശിപ്പിക്കുകയും ചെയ്തു. ഇനി ഏതെങ്കിലും പ്രതിക്കെതിരെ കേസെടുത്താൽ അയാളുടെ ബീജമാണ് മരിച്ച സ്ത്രീകളിൽ കണ്ടതെന്നു തെളിയിക്കാൻ മാർഗ്ഗമൊന്നുമില്ല. ഈ സ്ത്രീകൾ കൊല്ലപ്പെട്ടതെങ്ങനെയെന്നോ ആരാണതിന്നുത്തരവാദിയെന്നോ ഇപ്പോഴും അറിയില്ല. ❑





# വിവരാവകാശ നിയമം പുറത്തുകൊണ്ടുവന്ന കൊള്ള

മഹാരാഷ്ട്രത്തിലെ യാവത്മാലിലെ ഒരു പൊതു പ്രവർത്തകനായ വിലാസ് വൻഖാദെ കഴിഞ്ഞ ആഗസ്തിൽ വിവരാവകാശ നിയമപ്രകാരം ചോദിച്ച ചില ചോദ്യങ്ങൾ വലിയൊരഴിമതി പുറത്തു കൊണ്ടുവന്നു.

ആത്മഹത്യ ചെയ്തവരുടെ കുടുംബാംഗങ്ങളുടെ പുനരധിവാസത്തിന്നായി പ്രധാനമന്ത്രി തയ്യാറാക്കിയ സബ്സിഡി പദ്ധതിയിൽ വലിയൊരു ഭാഗം ഒരർഹതയുമില്ലാത്തവർ കയ്യടക്കി; അതേസമയം അർഹരായവർക്ക് ഒന്നും കിട്ടിയതുമില്ല.

ഈ പദ്ധതി പ്രകാരം കേന്ദ്രഗവർമ്മേണ്ട് 135 കോടി രൂപ അനുവദിച്ചു. ആത്മഹത്യ ചെയതവരുടെ കുടുംബാംഗങ്ങൾക്ക് 50 ശതമാനം സബ്സിഡിയോടെ പശുക്കളെ നൽകാനായിരുന്നു പ്ലാൻ. എം. എൽ.എ. മാർ, അവരുടെ ബന്ധുക്കൾ, മുൻ എം.പി.മാർ എന്നിവരെല്ലാം ഈ പദ്ധതി ഉപയോഗപ്പെടുത്തിയതായി കാണുന്നുണ്ട്. ഏറ്റവുമധികം (117) ആത്മഹത്യ നടന്ന പ്രദേശമാണ് യാവത്മാൽ. ഇവിടെ പശുക്കളെ വിതരണം ചെയ്യാൻ കരാറെടുത്ത ആൾ ഒന്നല്ല, രണ്ടു പശുക്കളെ സ്വന്തമാക്കി.

പ്രധാനമന്ത്രിയുടെ പരനധിവാസ പദ്ധതി പ്രകാരം പശുക്കളെ കിട്ടിയവരുടെ സ്ഥിതിയാകട്ടെ അതി ദയനീയമാണ്. ഈ സബ്സിഡി പദ്ധതി പ്രകാരം ഗോപാൽ അംബദാസ് താക്കറെ ഒരു പശുവിനെ വാങ്ങി. പശുവിന്റെ വില 14000ക. പകുതി സർക്കാർ നൽകി. ദിവസം ആറോ ഏഴോ ലിറ്റർ പാർ കിട്ടുമെന്നു പറഞ്ഞാണ് പശുവിനെ കൊടുത്തത്. എന്നാൽ ഒരിക്കലും 100 മി.ലിറ്ററിലധികം പാൽ കിട്ടിയിട്ടില്ല. കുറച്ചു ദിവസം കഴിഞ്ഞപ്പോൾ അതും കിട്ടാതായി. ഒരു കൊല്ലംകൊണ്ട് പശു ചത്തു.

ഇദ്ദേഹത്തിന്റെ അയൽവാസി വിനോദ് രണ്ടു പശുക്കളെ വാങ്ങി. ജില്ലാ പരിഷത്തിന്റെ മൃഗ സംരക്ഷണ വകുപ്പാണ് പശുക്കളെ നൽകിയത്. വില 24,000 ക. ഇതിന്റെ പകുതിയായ 12,000 ക. സബ്സിഡിയായി കിട്ടുമെന്നാണ് പറഞ്ഞത്. എന്നാൽ 7,000ക. മാത്രമേ കിട്ടിയുള്ളൂ. സബ്സിഡിയായതുകൊണ്ട് കിട്ടിയത് മെച്ചം എന്നു കരുതേണ്ടി വന്നു. ഒടുവിൽ എല്ലാറ്റിനേയും വിറ്റ് ടൗണിലേക്ക് പണിയന്വേഷിച്ചു പോകേണ്ടിവന്നു.

വിദർഭയിലാകെ "പരിഷ്ക്കാരം" അലയടിച്ചേറുകയാണ്. പണ്ട് ജോവർ കൃഷിചെയ്തിരുന്ന ഭൂമിയിലെല്ലാം പരുത്തിയോ സോയയോ ആണിപ്പോൾ കൃഷിചെയ്യുന്നത്. ജോവർ കൃഷിചെയ്തിരുന്നപ്പോൾ ധാന്യം കർഷകന്റേയും വൈക്കോൽ മൃഗങ്ങളുടേയും വിശപ്പടക്കാൻ സഹായിച്ചിരുന്നു. ജോവർ കൃഷി നിർത്തിയതോടെ വൈക്കോൽ കിട്ടാനില്ല. കിലോവിന്ന് 45 ക. കൊടുത്ത് കാലിത്തീറ്റ വാങ്ങണം. "ഞനെന്റെ കുട്ടികൾക്ക് ഭക്ഷണത്തിന്ന് ചെലവാക്കുന്നതിലേറെ പണം കാലിതീറ്റ വാങ്ങാൻ ചെലവാക്കുന്നു" എന്നാണൊരു കർഷകൻ പറഞ്ഞത്. അയാൾ കാളകളെ വിറ്റു. ഇപ്പോൾ ദിവസം 300 ക. കൊടുത്താണ് കാളകളെ വാടകക്കെടുക്കുന്നത്. ❑

# സ്ത്രീകളോടുള്ള മതങ്ങളുടെ സമീപനം മാറണം

**- ജിമ്മി കാർട്ടർ -**

**ഈ** പ്രഖ്യാപനത്തിൽ പറയുന്ന എല്ലാ അവകാശങ്ങൾക്കും സ്വാതന്ത്ര്യങ്ങൾക്കും എല്ലാവരും അർഹരാണ്. ഇക്കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള വിവേചനത്തിന് സ്ഥാനമില്ല. വംശത്തിന്റേയോ നിറത്തിന്റേയോ ലിംഗഭേദത്തിന്റേയോ ഭാഷാഭേദത്തിന്റേയോ മതത്തിന്റേയോ രാഷ്ട്രീയത്തിന്റേയോ അഭിപ്രായത്തിന്റേയോ ദേശീയതയുടേയോ സാമൂഹ്യമായ ഉത്ഭവത്തിന്റേയോ സ്വത്തിന്റേയോ ജനനത്തിന്റേയോ മറ്റേതെങ്കിലും പദവിയുടേയോ അടിസ്ഥാനത്തിൽ വിവേചനമുണ്ടായിക്കൂടാ.

**- സാർവ്വ ലൗകിക മനുഷ്യാവകാശ പ്രഖ്യാപനം -**

അനുഛേദം 2.

ഇവിടെ ജൂതനെന്നോ ഗ്രീക്കുകാരനെന്നോ അടിമയെന്നോ സ്വതന്ത്രനെന്നോ ആണെന്നോ പെണ്ണെന്നോ വ്യത്യാസമുണ്ടായിക്കൂടാ. കാരണം നിങ്ങളെല്ലാം ക്രിസ്തുവിൽ ഒന്നായിരിക്കുന്നു.

**ഗലേഷ്യൻസ് 3:28**

ഞാൻ ആജീവനാന്തം ഒരു സത്യക്രിസ്ത്യാനിയായിട്ടാണ് ജീവിച്ചത്. ദീർഘകാലം ഞാനൊരു ശെമ്മാശ്ശനായിരുന്നു; ബൈബിൾ അധ്യാപകനായിരുന്നു. വിശ്വാസമാണ് എനിക്ക് ശക്തിയും സന്തുഷ്ടിയും പ്രദാനം ചെയ്യുന്നത്. ലോകമെങ്ങുമുള്ള ലക്ഷോപിലക്ഷം വിശ്വാസികളുടെ സ്ഥിതിയും ഇതാണ്.

അതിനാൽ, ആറുദശകങ്ങൾക്കുശേഷം സതേൺ ബാപ്റ്റിസ്റ്റ് കൺവെൻഷനുമായുള്ള ബന്ധമെല്ലാം ഛേദിക്കുന്നതിന്നുള്ള എന്റെ തീരുമാനം വേദനാജനകമായിരുന്നു. വിഷമകരമായിരുന്നു. പക്ഷെ അത് അനിവാര്യമായിത്തീർന്നു. കൺവെൻഷൻ നേതാക്കന്മാർ ബൈബിളിൽനിന്ന് സസൂക്ഷ്മം തിരഞ്ഞെടുത്ത ചില ഭാഗങ്ങൾ ഉദ്ധരിച്ചുകൊണ്ട് സ്ത്രീകൾ പുരുഷന്മാരുടെ ദാസ്യവൃത്തി ചെയ്യേണ്ടവരാണെന്ന് സ്ഥാപിക്കുമ്പോൾ എനിക്ക് ഈ കൺവെൻഷൻ വിട്ടു പോകുക മാത്രമേ നിവൃത്തിയുള്ളൂ. ആഡമിന്ന് ശേഷം സൃഷ്ടിക്കിപ്പെട്ടതാണ് ഈവ്, ആദ്യത്തെ പാപത്തിന്നുത്തരവാദി സ്ത്രീയാണ്, സ്ത്രീകൾ അവരുടെ ഭർത്താക്കന്മാർക്ക് വഴങ്ങി ജീവിക്കണം, സൈനിക രംഗത്ത് അവർ ഡീക്കർമാരായോ പാസ്റ്റർമാരായോ ചാപ്ലെയിൽ മാരായോ സേവനമനുഷ്ഠിക്കരുത് എന്നൊക്കെയാണ് കൺവെൻഷൻ നേതാക്കന്മാർ വിധിച്ചിരിക്കുന്നത്. ഇതൊന്നും എന്റെ വിശ്വാസങ്ങൾക്ക് വേദഗ്രന്ഥങ്ങൾക്ക്, നിരക്കുന്നതല്ല. ദൈവത്തിന്റെ ദൃഷ്ടിയിൽ എല്ലാവരും തുല്യരാണെന്ന് വേദഗ്രന്ഥങ്ങൾ പറയുന്നു.

സ്ത്രീകൾ പുരുഷന്മാരേക്കാൾ അധ:സ്ഥിതരാണെന്ന ഈ വിശ്വാസം ഏതെങ്കിലും മതത്തിന്നു മാത്രമുള്ളതല്ല. ഈ വിശ്വാസം വ്യാപകമാണ്. സ്ത്രീകൾക്കു, പുരുഷന്മാർക്ക് തുല്യമായ ഒരു പദവി നിഷേധിക്കുന്നത് മിക്ക മത വിശ്വാസികൾക്കിടയിലും കാണുന്ന ഒന്നാണ്.

നിർഭാഗ്യകരമെന്നു പറയട്ടെ, ഈ വിവേചനം പള്ളികളുടേയോ മോസ്ക്കുകളുടേയോ ക്ഷേത്രങ്ങളുടേയോ മതിൽക്കെട്ടുകൾക്കകത്ത് ഒതുങ്ങുന്ന ഒന്നല്ല. ദൈവ നിശ്ചയമെന്ന നിലയിൽ നൂറ്റാണ്ടുകളായി ലോകമെങ്ങും നിലനിന്നു വരുന്ന ഒരു വിവേചനമാണിത്. സ്ത്രീകൾക്ക് തുല്യാവകാശങ്ങൾ നിഷേധിക്കാൻ ഇതൊരു കാരണമായി പറയുന്നു. വേദഗ്രന്ഥങ്ങൾ വ്യാഖ്യാനിക്കുന്നത് പുരുഷന്മാരാണ്. സമൂഹത്തിലെ ആചാര്യ മര്യാദകൾ നിശ്ചയിക്കുന്നതും പുരുഷന്മാരാണ്. തന്മൂലം മനുഷ്യാവകാശങ്ങൾ അങ്ങേയറ്റം വികലമായി അവതരിപ്പിക്കപ്പെടുന്നു. സ്ത്രീകൾ പുരുഷന്റെ ആഗ്രഹങ്ങൾക്കെല്ലാം വഴങ്ങണമെന്നും, അടിമയായി കഴിയണമെന്നും, അതിക്രമങ്ങൾ സഹിക്കണമെന്നും, നിർബ്ബന്ധ വ്യഭിചാരത്തിന്നുവരെ വഴങ്ങണമെന്നും, ലിംഗ വൈകല്യം വരുന്നത് സഹിക്കണമെന്നും ബലാത്സംഗം ഒരു കുറ്റമല്ലാതാക്കുന്ന ദേശീയ നിയമങ്ങൾ സ്വീകരിക്കണമെന്നും വരെ ഈ ചിന്താ വൈകല്യം പോകുന്നു. ഇത്തരം വിശ്വാസികൾ മൂലം ലക്ഷോപിലക്ഷം യുവതികൾക്കും സ്ത്രീകൾക്കും സ്വന്തം ശരീരത്തിലുള്ള നിയന്ത്രണാധികാരം പോലും നഷ്ടപ്പെടുന്നു; ജീവിതം തന്നെ നഷ്ടപ്പെടുന്നു. സ്ത്രീകൾക്ക് വിദ്യാഭ്യാസത്തിന്നോ ആരോഗ്യ സംരക്ഷണത്തിന്നോ തൊഴിലെടുത്ത് ജീവിക്കാനോ അവകാശമില്ലാതാക്കുന്നു. സ്വന്തം സമൂഹത്തിൽ പോലും സ്വാധീനം ചെലുത്താൻ അവർക്ക് സാധ്യമല്ലാതാക്കുന്നു.

ഇത്തരം വികലമായ മത വിശ്വാസങ്ങൾ നമ്മുടെ ജീവിതത്തിന്റെ എല്ലാ തുറകളേയും ബാധിക്കുന്നുണ്ട്. പല സമൂഹങ്ങളിലും പെൺകുട്ടികളേക്കാൾ ആൺകുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നതിന്റെ കാരണം ഇത്തരം വിശ്വാസങ്ങളാണ്. പെൺകുട്ടികൾ എപ്പോൾ വിവാഹം കഴിക്കണമെന്നും ആരെ വിവാഹം ചെയ്യണമെന്നും പറയുന്നതിന്റെ കാരണവും ഇതാണ്. അടിസ്ഥാനപരമായ ആരോഗ്യ കാര്യങ്ങളിൽ ശ്രദ്ധിക്കാത്തതുമൂലം ഗർഭധാരണവും പ്രസവവും ഒരു ഭാഗ്യ പരീക്ഷണമാകുന്നതിന്റെ കാരണവും ഇതാണ്.

ചില ഇസ്ലാമിക രാജ്യങ്ങളിൽ സ്ത്രീകൾ പുറത്തിറങ്ങുന്നതിന്നു പോലും നിയന്ത്രണമുണ്ട്; കയ്യോ കാലോ പുറത്തു കാണിച്ചതിന്ന് സ്ത്രീകളെ ശിക്ഷിക്കാറുണ്ട്. പെൺകുട്ടികൾക്ക് വിദ്യാഭ്യാസം നിഷേധിക്കാറുണ്ട്. കാർ ഓടിക്കുന്നതിന്നോ തൊഴിൽ പരമായ പരീക്ഷയിൽ പുരുഷന്മാരോട് മത്സരിക്കുന്ന തിന്നോ അവർക്കനുമതി നൽകാറില്ല. ഒരു സ്ത്രീ ബലാത്സംഗത്തിന്നിരയായാൽ ശിക്ഷിക്കപ്പെടുന്നത് ബലാത്സംഗത്തിന്നിരയായ സ്ത്രീയായിരിക്കും.

ഇത്തരം വിവേചനാത്മകമായ ചിന്താഗതി ബ്രിട്ടനിലും അമേരിക്കയിലുമുണ്ട്. ബ്രിട്ടനിലേയും അമേരിക്കയിലേയും ഓഫീസുകളിൽ ഇത്ര കുറച്ച് സ്ത്രീകളെ കാണുന്നത് അതുകൊണ്ടാണ്; സ്ത്രീകൾക്ക് പുരുഷന്മാരേക്കാൾ കുറഞ്ഞ വേതനം നൽകുന്നതും അതുകൊണ്ടാണ്. ഈ വിവേചനത്തിന്റെയെല്ലാം വേരു കിടക്കുന്നത് നമ്മുടെ ചരിത്രത്തിന്റെ അഗാധ തലങ്ങളിലാണ്. പക്ഷെ അതിന്റെയെല്ലാം ഫലം നമ്മുടെ നിത്യ ജീവിതത്തിൽ പോലും പ്രകടിതമാകുന്നു. ഇതിന്റെ ദുഷ്ഫലം അനുഭവിക്കുന്നത് സ്ത്രീകൾ മാത്രമല്ല; നമ്മുടെയെല്ലാം ജീവിതത്തെ അത് നാനാവിധമാക്കുന്നു. പെൺകുട്ടികളുടേയും സ്ത്രീകളുടേയും ക്ഷേമത്തിന്നു വേണ്ടിയുള്ള നിക്ഷേപം സമൂഹത്തിലെ എല്ലാവർക്കും വളരെയേറെ ഗുണം ചെയ്യുന്നുണ്ടെന്ന് തെളിവുകൾ വ്യക്തമാക്കുന്നു. വിദ്യാസമ്പന്നയായ ഒരു സ്ത്രീക്ക് നല്ല ആരോഗ്യമുള്ള കുട്ടികളുണ്ടാകും; ആ കുട്ടികളെ അവർ മിക്കവാറും സ്കൂളിൽ ചേർക്കും. വിദ്യാസമ്പന്നയായ സ്ത്രീ കൂടുതൽ സമ്പാദിക്കുകയും, സമ്പാദിച്ചത് കുടുംബത്തിൽ നിക്ഷേപിക്കുകയും ചെയ്യും.

ഏതെങ്കിലുമൊരു സമൂഹം, തങ്ങൾക്കിടയിലെ പകുതി ഭാഗത്തിന്നെതിരായി വിവേചനം കാണിക്കുന്നുവെങ്കിൽ, അത് സ്വന്തം മൂക്ക് മുറിക്കുന്നതുപോലെയാണ്. പുരുഷന്മാരുടെ കാലഹരണം വന്നതും, സ്വാർത്ഥഭരി

തവുമായ ഈ മനോഭാവത്തിന്നും ആചാരങ്ങൾക്കും എതിരായി നാം പോരാടേണ്ടിയിരിക്കുന്നു. ഇറാനിലേക്കൊന്നു നോക്കു. അവിടെ സ്വാതന്ത്ര്യത്തിന്നും ജനാധിപത്യത്തിന്നും വേണ്ടിയുള്ള പോരാട്ടത്തിന്റെ മുന്നണിയിൽ കാണുന്നത് സ്ത്രീകളെയാണ്.

പല രാഷ്ട്രീയ നേതാക്കന്മാരും അപകടം പിടിച്ച ഈ മേഖലയിൽ കാൽ കുത്താത്തതെന്തുകൊണ്ടാണെന്ന് എനിക്കറിയാം. മതവും ആചാരങ്ങളും ഇന്നും പ്രബലമാണ്. അവിടെ ചവിട്ടിയാൽ കാൽ പൊള്ളും. എന്നാൽ എനിക്കും എന്റെ കൂട്ടുകാരായ എൽഡർമാർക്കും പേടിക്കാനൊന്നുമില്ല.

(എൽഡർമാർ (കാരണവർമാർ) എന്നു പറയുന്നത് പുതുതായി രൂപം കൊണ്ട ഒരു സ്വതന്ത്ര സംഘടനയാണ്. ആഗോള തലത്തിൽ പ്രഗത്ഭരായവരുടെ ഒരു സംഘടനയാണിത്. ദക്ഷിണാഫ്രിക്കൻ പ്രസിഡണ്ടായിരുന്ന നെൽസൻ മണ്ഡേല മുൻകയ്യെടുത്ത് രൂപം നൽകിയതാണീ കാരണവ സംഘടന. സമാധാന സ്ഥാപനത്തിന്നും ദുരിത നിവാരണത്തിന്നും മാനവ ക്ഷേമത്തിന്നും ഇവർ തങ്ങളുടെ അനുഭവജ്ഞാനവും സ്വാധീനവും പ്രദാനം ചെയ്ത് സഹായിക്കുന്നു.)

ഞാനും സഹപ്രവർത്തകരും പല മതവിശ്വാസങ്ങളിൽ പെട്ടവരാണ്. ഞങ്ങളുടെ അനുഭവജ്ഞാനം വൈവിധ്യമേറിയവയുമാണ്. എന്നാൽ ഞങ്ങൾക്കിനി വോട്ടിനെപ്പറ്റി ചിന്തിച്ച് വേവലാതിപ്പെടേണ്ട കാര്യമില്ല. ഒരു കാര്യം പറഞ്ഞാൽ അത് വിവാദങ്ങൾക്കിടയാക്കുമോ എന്നും ഭയപ്പെടേണ്ടതായിട്ടുമില്ല. അനീതി എവിടെ കണ്ടാലും അതിനെ വെല്ലുവിളിക്കാൻ ഞങ്ങൾ നിർബദ്ധരാണ്. സമത്വവും മനുഷ്യാവകാശവും ഉറപ്പാക്കുന്നതിൽ മതനേതാക്കൾക്കുള്ള ഉത്തരവാദിത്വത്തിലേക്ക് പ്രത്യകം ശ്രദ്ധ ക്ഷണിക്കാൻ ഞങ്ങൾ - കാരണവസംഘം- തീരുമാനിച്ചിട്ടുണ്ട്. ഞങ്ങൾ ഇതു സംബന്ധിച്ച് ഈയിടെ ഒരു പ്രസ്താവന പുറപ്പെടുവിച്ചിരുന്നു. "ദൈവീകമെന്ന നിലയിൽ സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരായി നടത്തുന്ന വിവേചനം അസ്വീകാര്യമാണ്" എന്ന് ഞങ്ങളതിൽ തറപ്പിച്ച് പറഞ്ഞിട്ടുണ്ട്.

സ്ത്രീകൾക്കെതിരായ വിവേചനത്തെ ന്യായീകരിക്കുന്ന എല്ലാ സിദ്ധാന്തങ്ങളേയും ആചാരങ്ങളേയും, അവ എത്രതന്നെ ആഴത്തിൽ വേരൂന്നിയതായാലും ശരി വെല്ലുവിളിക്കാൻ ഞങ്ങൾ എല്ലാ നേതാക്കന്മാരോടും ആവശ്യപ്പെടുന്നു. മനുഷ്യ സമത്വത്തിന്റേയും അന്തസ്സിന്റേയും രചനാത്മകമായ സന്ദേശത്തെ ഊന്നി പറയാനുള്ള ധൈര്യമുണ്ടാകണമെന്ന് ഞങ്ങൾ എല്ലാവരോടും, പ്രത്യേകിച്ചും മത നേതാക്കളോട്, ആവശ്യപ്പെടുന്നു.

മതപരമായോ ദൈവശാസ്ത്രപരമായോ ഉള്ള പരിശീലനം സിദ്ധിച്ചിട്ടുള്ള ആളൊന്നുമല്ല ഞാനെന്നിരിക്കിലും, പുരുഷന്റെ മേധാവിത്വം സ്ഥാപിക്കുന്ന തരത്തിൽ വേദഗ്രന്ഥങ്ങളിൽ കാണുന്ന അപൂർവ്വം ചില ഭാഗങ്ങൾ, പുരുഷാധിപത്യം ഉറപ്പിക്കുന്നതിന്നായി കാലാന്തരത്തിൽ എഴുതിച്ചേർക്കപ്പെട്ടവയാണെന്ന് ഞാൻ കരുതുന്നു. അങ്ങനെയൊക്കെ പരതി നോക്കിയാൽ അടിമത്തത്തേയും രാജാധിപത്യത്തേയും ന്യായീകരിക്കുന്ന ചില ഭാഗങ്ങളും വേദഗ്രന്ഥങ്ങളിൽ കണ്ടെത്തിയെന്നു വരും.

അടുത്ത സമയം, ഇതേ വേദഗ്രന്ഥങ്ങളിൽ തന്നെ സ്ത്രീകളെ മഹാപ്രതാപികളായ നേതാക്കളായി വാഴ്ത്തിയിട്ടുള്ള ഭാഗങ്ങൾ ഞാൻ വായിച്ചിട്ടുണ്ട്. ക്രൈസ്തവ സഭയുടെ ആദ്യകാലത്ത് സ്ത്രീകൾ ഡീക്കൻമാരായും വൈദികരായും ബിഷപ്പുമാരായും അപ്പൊസ്തലന്മാരായും മതാധ്യാപകരായും പ്രവാചകരായും പ്രവർത്തിച്ചിരുന്നതായി കാണുന്നുണ്ട്. ക്രിസ്തംബ്ദം നാലാം നൂറ്റാണ്ടിന്നു ശേഷമാണ് ക്രൈസ്തവ ➡





# ജനാധിപത്യത്തിന്നെതിരായ ഒരു വിധി

**- ഗോർഡൻ ബ്രൗൺ -**

ലോകാഭിപ്രായത്തെ ധിക്കരിക്കുന്നത് തുടരാൻതന്നെയാണ് ബർമ്മയിലെ പട്ടാള ഭരണകൂടം തീരുമാനിച്ചിരിക്കുന്നതെന്നതിന്റെ ആത്യന്തികമായ തെളിവാണ് ഓങ്സാൻ സൂകിയുടെ വിചാരണാഭാസം. ഒന്നര കൊല്ലത്തെ വീട്ടുതടങ്ങലിന്നുകൂടി അവർ ശിക്ഷിക്കപ്പെട്ടിരിക്കുന്നു. ഇത് സൂകിക്കും അവരുടെ കുടുംബത്തിന്നും മാത്രമല്ല, പട്ടാളഭരണത്തിന്നടിമപ്പെട്ടു കഴിയുന്ന ബർമ്മാ ജനതക്കും ഒരു ദുരന്തമാണ്.

മാറ്റത്തിന്നുവേണ്ടിയുള്ള മുറവിളി ചെവികൊള്ളാൻ പട്ടാളമേധാവികൾക്ക് ഇതൊരവസരമായിരുന്നു. ഈ മേഖലയിലെയെന്നല്ല, ആഗോളതലത്തിലെത്തന്നെ സമൂഹം ആവശ്യപ്പെട്ടുകൊണ്ടിരുന്ന പരിഷ്ക്കാരങ്ങൾ നടപ്പാക്കാൻ പറ്റിയ അവസരമായിരുന്നു ഇത്. പക്ഷെ അവരത് പാടെ തിരസ്കരിച്ചു. സൂകിക്കെതിരായ ആരോപണങ്ങൾ അടിസ്ഥാനരഹിതമാണ്; വിധിയാകട്ടെ പ്രകോപനാത്മകവുമാണ്.

അതിനാൽ അന്താരാഷ്ട്ര സമൂഹം ഈ അനീതിക്കെതിരെ പ്രതികരിക്കണം. പട്ടാളമേധാവിമാരുടെ സ്വേഛാധിപത്യത്തെ ഇനിയും പൊറുക്കില്ലെന്ന് അവരെ ബോധ്യപ്പെടുത്തണം. പട്ടാള ഭരണകൂടത്തിന്റെ സാമ്പത്തിക താല്പര്യങ്ങൾക്കെതിരെ കൂടുതൽ ഉപരോധമേർപ്പെടുത്താൻ യൂറോപ്യൻ യൂണിയൻ തീരുമാനിച്ചിട്ടുണ്ട്. അത് കഴിയും വേഗം നടപ്പാക്കണം. അതിന്നുംപുറമെ ഐക്യരാഷ്ട്ര ലോകരക്ഷാസമിതിയിൽ നിർണായക നടപടിയുണ്ടാകണം. ആദ്യപടിയെന്ന നിലക്ക് ബർമ്മക്ക് ആയുധം നൽകുന്നത് ലോകവ്യാപകമായി നിരോധിക്കണം.

ബർമ്മയിലെ രാഷ്ട്രീയ വിചാരണാപ്രഹസനത്തിന്നു നിന്നുകൊടുത്ത ജഡ്ജിമാരേയും നാം പിടികൂടണമെന്നാണ് എനിക്ക് തോന്നുന്നത്. ബർമ്മയുടെ സ്വാതന്ത്ര്യം, ജനാധിപത്യം, വികസനം എന്നീ കാര്യങ്ങളിൽ ലോക പൊതുജനാഭിപ്രായത്തിന്റെ കരുത്ത്

---

നേതാക്കന്മാർ - എല്ലാവരും പുരുഷന്മാരായിരുന്നു - വേദഗ്രന്ഥങ്ങൾ വളച്ചൊടിച്ച് സ്വന്തം മേധാവിത്വം ഉറപ്പിച്ചത്.

എന്റെ ജീവിതകാലത്തെ ഏറ്റവും സമാദരണീയനായിരുന്ന പ്രചാരകനായിരുന്നു ബില്ലി ഗ്രഹാം. സ്ത്രീകളെ എന്തുകൊണ്ട് പുരോഹിതരായി നിയോഗിക്കുന്നില്ലെന്ന് തനിക്ക് മനസ്സിലാകുന്നില്ലെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. "ലോകത്തിലെല്ലായിടത്തും സ്ത്രീകൾ മതപ്രചരണം നടത്തുന്നുണ്ട്. ഞാൻ നടത്തിയ വേദപഠനത്തിൽ ഒരിടത്തും അതിന്നെതിരായി ഒന്നും കണ്ടിട്ടില്ല" എന്ന് അദ്ദേഹം ഒരിക്കൽ പറഞ്ഞു. സ്ത്രീകളുടെ മഹത്വം പ്രകീർത്തിക്കുന്ന വിധത്തിലോ സ്ത്രീകളെ അടിമകളാക്കുന്ന വിധത്തിലോ വേദഗ്രന്ഥങ്ങൾ വ്യാഖ്യാനിക്കാൻ പുരുഷന്മാരായ മത നേതാക്കന്മാർക്ക് സൗകര്യമുണ്ട് എന്നതാണ് വാസ്തവം. പുരുഷന്മാരായ മത നേതാക്കന്മാർ സ്വാർത്ഥ ചിന്തമൂലം സ്ത്രീകൾക്കെതിരായ നിലപാട് സ്വീകരിച്ചിരിക്കുന്നുവെന്നേയുള്ളൂ. ലോകത്തിലെല്ലായിടത്തും സ്ത്രീകൾ പീഡിപ്പിക്കപ്പെടുന്നതിന്റെ കാരണവും അതാണ്. ഇത് സാർവ്വലൗകിക മനുഷ്യാവകാശ പ്രഖ്യാപനത്തിന്റെ ലംഘനം മാത്രമല്ല. ക്രൈസ്തവ സിദ്ധാന്തങ്ങൾക്കും എതിരാണ്. പ്രവാചകനായ മുഹമ്മദിന്റേയും മറ്റു വിവിധ മത സ്ഥാപകരുടേയും തത്വങ്ങൾക്കും ഇത് വിരുദ്ധമാണ്. ❑

പട്ടാളമേധാവിമാർ അറിഞ്ഞിരിക്കണം.



ബർമ്മയിലെ രാഷ്ട്രീയവും മാനവീയവുമായ സ്ഥിതിഗതികൾ അധഃപതിച്ചുവരികയാണ്. കഴിഞ്ഞ കൊല്ലത്തെ ചുഴലിക്കാറ്റിൽ 1,40,000 പേർ മരിച്ചു; ലക്ഷക്കണക്കിന്നാളുകൾ വഴിയാധാരമായി. എന്നിട്ടും പുറമെനിന്നുള്ള സഹായമെല്ലാം തിരസ്കരിക്കുകയാണുണ്ടായത്. 2007ൽ ബുദ്ധഭിക്ഷുക്കൾ നടത്തിയ പ്രക്ഷോഭണത്തെ പട്ടാളഭരണകൂടം അടിച്ചമർത്തി. ന്യൂനപക്ഷങ്ങളെ കണക്കില്ലാതെ പീഡിപ്പിച്ചു.

മാധ്യമങ്ങളുടെ വായ മൂടിക്കെട്ടിയിരിക്കുകയാണ്. അഭിപ്രായപ്രകടന സ്വാതന്ത്ര്യമില്ല; യോഗം ചേരാൻ പോലും അനുവാദമില്ല. സമാധാനത്തിന്നും ദേശീയൈക്യത്തിന്നുംവേണ്ടി നിലകൊള്ളുന്നുവെന്ന ഒരൊറ്റ "കുറ്റ"ത്തിന്ന് ജയിലിലാക്കപ്പെട്ടവർ രണ്ടായിരത്തിലേറെ വരും. അവരിൽ ഒന്നാംസ്ഥാനം സൂകിക്കാണ്. പതിനാലു കൊല്ലമായി തടങ്ങലിൽ കഴിയുന്ന അവരാണ് ആശയുടെ പ്രതീകം; ചെറുത്തുനില്പിന്റെ പ്രതീകം. അങ്ങേയറ്റം ധീരയായൊരു വനിതയാണവർ. നീണ്ടകാലത്തെ ഏകാന്ത ജീവിതത്തിൽ അവർക്ക് തന്റെ രണ്ടു പുത്രന്മാരെ കഷ്ടിച്ചു കാണാനേ കഴിഞ്ഞിട്ടുള്ളു. എന്നിട്ടും അവർ ജനാധിപത്യത്തിന്നും ബർമ്മയിലെ ജനങ്ങൾക്കും വേണ്ടി ഉറച്ചുനിന്നു പോരാടുന്നു. സ്വേഛാധിപത്യത്തിന്നുമുന്നിലും മുട്ടുമടക്കാത്ത അവർ എല്ലാവർക്കുമൊരു പ്രചോദനമാണ്.

സൂകിയെ ഉടനെ മോചിപ്പിക്കുകയും (മറ്റു രാഷ്ട്രീയ തടവുകാരേയും) പ്രതിപക്ഷവുമായി ആത്മാർത്ഥമായ കൂടിയാലോചന നടത്തുകയും ചെയ്യാത്ത പക്ഷം അടുത്ത കൊല്ലം നടത്തുമെന്നു പറയുന്ന തിരഞ്ഞെടുപ്പിന്ന് ഒരു വിശ്വാസ്യതയുമുണ്ടാവില്ല. പട്ടാള ഭരണകൂടത്തിന്റെ ഈ അഹന്തക്കുമുന്നിൽ നമുക്ക് കയ്യുംകെട്ടി നിൽക്കാനാവില്ല.

ബർമ്മയിലെ പട്ടാളഭരണത്തിന്നെതിരെ ലോകത്തിലാകെ ഒരു സമവായം രൂപം കൊണ്ടിട്ടുണ്ട്. യഥാർത്ഥമായൊരു രാഷ്ട്രീയ രഞ്ജിപ്പിന്നായി എല്ലാവരും ഒത്തുശ്രമിക്കേണ്ടിയിരിക്കുന്നു. ബർമ്മ പ്രകൃതി വിഭവങ്ങളാലും മനുഷ്യവിഭവങ്ങളാലും സമ്പന്നമാണ്. ഊർജ്ജസ്വലമായൊരു ഭൂഖണ്ഡത്തിന്റെ ഒത്ത നടുക്കാണത് ഇരിക്കുന്നത്. ജനാധിപത്യപരമായ പരിഷ്ക്കാരങ്ങൾ നടപ്പാക്കിയാൽ രാജ്യത്തിന്റെ കഴിവത്രയും കെട്ടഴിച്ചുവിടപ്പെടും.

പുരോഗതിയിലേക്ക് കാൽവച്ചാൽ ബ്രിട്ടൻ സഹായിക്കാമെന്ന് ഞാൻ മുമ്പുതന്നെ പറഞ്ഞിട്ടുള്ളതാണ്. പക്ഷെ സൂകിക്കെതിരായ ഈ വിധി എല്ലാവരേയും കർക്കശരാക്കിമാറ്റും. പട്ടാള മേധാവിമാർ ബർമ്മയേയും ജനങ്ങളേയും ഒറ്റപ്പെടുത്തുകയാണ്; ദാരിദ്ര്യത്തിലേക്ക് വലിച്ചെറിയുകയാണ്. സംഘർഷവും നിരാശയുമായിരിക്കും അതിന്റെ ഫലം.

ബർമ്മയുടെ കാര്യത്തിൽ എന്താണിത്ര താൽപര്യമെന്ന് ചിലർ ചോദിച്ചേക്കും. മനുഷ്യാവകാശങ്ങളെ മാനിക്കാത്ത, അതി ദരിദ്രമായ രാജ്യങ്ങൾ വേറെയുമുണ്ടല്ലൊ എന്നവർ ചൂണ്ടിക്കാ ➡



# ആർക്കോ വേണ്ടി നടത്തുന്ന പോഷകാഹാര പദ്ധതി

**- മഹിം പ്രതാപ് സിങ് -**

മധ്യപ്രദേശ് ഗവർമ്മേണ്ട് കുട്ടികൾക്കായി നടത്തുന്ന പോഷകാഹാര പദ്ധതി വെറുമൊരു ചടങ്ങായി മാറുന്നു. നാലു ജില്ലകളിലെ കണക്കെടുത്തതിൽ കഴിഞ്ഞ ഒരു കൊല്ലത്തിന്നിടയിൽ 450 കുട്ടികൾ പോഷകാഹാരക്കുറവുമൂലം മരിച്ചിട്ടുണ്ട്.

നാഷനൽ ഫാമിലി ഹെൽത്ത് സർവ്വേയനുസരിച്ച് മധ്യപ്രദേശിലെ കുട്ടികൾക്കിടയിലുള്ള പോഷകാഹാരക്കുറവ് 54 ശതമാനത്തിൽനിന്ന് 60 ശതമാനമായി ഉയർന്നിരിക്കുകയാണ്. ഇന്ത്യയിൽ പോഷകാഹാര ദാരിദ്ര്യത്തിൽ ഇപ്പോൾ ഒന്നാം സ്ഥാനം മധ്യപ്രദേഷിന്നാണ്. ശിശു മരണ നിരക്കിലും ഒന്നാം സ്ഥാനം മധ്യപ്രദേശിന്നുതന്നെ.

പോഷകാഹാര ദാരിദ്ര്യംകൊണ്ട് സംസ്ഥാനത്ത് എത്ര കുട്ടികൾ മരിച്ചു എന്ന് ഭോപ്പാലിലെ ഒരു പൊതു പ്രവർത്തകനായ പ്രശാന്ത് ദുബേ വിവരാവകാശ നിയമപ്രകാരം അന്വേഷിച്ചതിന്ന് ആ വക കണക്കൊന്നു മില്ലെന്നായിരുന്നു മറുപടി.

കുട്ടികൾക്കുള്ള ഉച്ചഭക്ഷണ പദ്ധതിയെക്കുറിച്ചുള്ള പരാതികൾക്ക് അറ്റമില്ല. കുട്ടികൾക്കായി തയ്യാറാക്കിയ ഉച്ചഭക്ഷണത്തിൽ തവള, എലി, പ്രാണികൾ എന്നിവ ചത്തുകിടക്കുന്നതായി കാണാറുണ്ട്. കുട്ടികൾക്കായ വനിതാ-ശിശുക്ഷേമ കൗൺസിൽ നടത്തുന്ന സംയുക്ത പോഷകാഹാ പരിപാടിയിലും സ്കൂളുകളിലെ ഉച്ചഭക്ഷണ പരിപാടിയിലും പല പ്രാണികളും ചത്തു കിടക്കുന്നതായി കാണാറുണ്ട്.

പോഷകാഹാരത്തിന്നുവേണ്ട പണം അങ്കണവാടികൾക്ക് നേരിട്ടു നൽകാൻ സ്റ്റേറ്റ് ബാങ്കുമായി ഒരു കരാറുണ്ടാക്കിയിരുന്നു. രണ്ടുകൊല്ലം മുമ്പു നടപ്പാക്കിയ ഈ പരിപാടി ഈയിടെ സർക്കാർ റദ്ദാക്കി. കാരണം ആർക്കും അറിയില്ല. അങ്കണവാടി നടത്തുന്ന പലരും നിരക്ഷരരാകയാലാണ് ഈ പരിപാടി വേണ്ടെന്നു വച്ചതെന്ന് സർക്കാർ പറയുന്നു.

പോഷകാഹാര വിതരണത്തിന്റെ ചുമതല പണ്ട് കരാറുകാർക്കായിരുന്നു. അതു നിർത്തലാക്കിയതിന്റെ പ്രത്യാഘാതമാണ് ഇപ്പോൾ കാണുന്നതെന്ന് പൊതു പ്രവർത്തകർ പറയുന്നു.

അങ്കണവാടി വർക്കർമാരെ നിയമിക്കുന്നതിലും വലിയ അഴിമതിയുണ്ട്. ഈയിടെ ഇത്തരമൊരു നിയമന പരമ്പര ബഹളത്തിന്നിടയാക്കിയതിനെത്തുടർന്ന് മുഖ്യമന്ത്രി തന്നെ ഇടപെട്ട് എല്ലാം റദ്ദാക്കുകയുണ്ടായി. 1,46,000 അങ്കണവാടികൾ വേണ്ട സ്ഥാനത്ത് ഇപ്പോഴുള്ളത് 70,000 മാത്രമാണ്. ❑

---

ട്ടും. എന്നാൽ ബർമ്മയിലെ പട്ടാളഭരണകൂടം തീർത്തും ഒറ്റപ്പെട്ടതാണ്. ദുർഭരണത്തിൽ ബർമ്മയെ വെല്ലുന്നവരുണ്ടാകില്ല. അഞ്ചു കോടി വരുന്ന ജനങ്ങളുടെ ദുരിതങ്ങളെ പാടെ അവഗണിക്കുന്ന മറ്റൊരു രാജ്യമുണ്ടാവില്ല.

ബർമ്മ എന്ന ദുരന്തത്തിന്റെ മാനുഷിക മുഖമായ ഓങ്സാൻ സൂകി വീണ്ടും എന്റെ മനസ്സിൽ പൊന്തിവരുന്നു. എന്നാൽ വാക്കുകളും ചിന്തകളും കൊണ്ട് ഇനി കാര്യമൊന്നുമില്ല.

(സൂകിയെ മോചിപ്പിക്കുന്നതിന്നായി ബ്രിട്ടീഷ് പ്രധാനമന്ത്രി നടത്തിയ ആഹ്വാനത്തിന്റെ സംഗ്രഹം)

❑

Reg. No.3551/93/L Dis Registered: KL/CR/TCR/347/2009-2011
Posted at R.M.S., Thrissur-21. Date of posting: 28-08-2009

# കൂസലില്ലാത്ത ഒരു കിരാതൻ


ചാൾസ് ടെയ്‌ലർ

**ആ**ഫ്രിക്കൻ രാജ്യമായ ലൈബീരിയയിലെ പ്രസിഡണ്ടായിരുന്ന ചാൾസ് ടെയ്‌ലർ യുദ്ധകുറ്റവാളികളെ വിചാരണ ചെയ്യാനുള്ള ലോക കോടതിയിൽ കൂസലില്ലാതെ വിചാരണയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. അയൽ രാജ്യമായ സിറാലിയോണിലെ രത്നഖനി മേഖല പിടിച്ചെടുക്കാൻ ശ്രമിച്ചുവെന്നതാണ് ടെയ്‌ലർക്കെതിരായ നൂറായിരം കുറ്റങ്ങളിൽ പ്രധാനപ്പെട്ട കുറ്റം. ഏതാണ്ട് രണ്ടുലക്ഷം പേർ കൊല്ലപ്പെട്ടിട്ടുണ്ട്.

ടെയ്‌ലർ സംഘടിപ്പിച്ചുവിട്ട കലാപകാരികൾ എല്ലാവിധ കിരാതവൃത്തികളും നടത്തിയിട്ടുണ്ട്. ബലാത്സംഗം നടത്തുക, കൊല്ലുക, കയ്യുംകാലും വെട്ടുക, മൂക്കും ചെവിയും ചെത്തുക എന്നിങ്ങനെ ഇവർ ചെയ്യാത്ത കുറ്റകൃത്യങ്ങളൊന്നുമില്ല.

ടെയ്‌ലറുടെ ക്രൂരമായ ഭരണം ലൈബീരിയയെയും നശിപ്പിച്ചുവെങ്കിലും സിറാലിയോൺ പ്രശ്നം മാത്രമേ ഇപ്പോൾ ലോക കോടതിമുമ്പാകെ അവതരിപ്പിച്ചിട്ടുള്ളൂ. ടെയ്‌ലർക്കെതിരെ ഉന്നയിക്കാൻ രേഖകളൊന്നുമില്ലെന്നതാണ് പ്രധാന പ്രശ്നം. സാക്ഷികളുടെ മൊഴികളിൽകൂടി കേസ് തെളിയിക്കേണ്ടതുണ്ട്.

ടെയ്‌ലറുടെ വിചാരണക്കായി സംഘടിപ്പിച്ചിരിക്കുന്ന ലോകകോടതി ഹേഗിലാണ് വിചാരണ നടത്തുന്നത്. സിറാലിയോണിന്റെ തലസ്ഥാനമായ ഫ്രീടൗണിൽ വിചാരണ നടത്തിയാൽ ആകെ ബഹളമാകുമെന്ന് കരുതിയാണ് കോടതിയുടെ ആസ്ഥാനം ഹേഗിലേക്ക് മാറ്റിയത്. തന്മൂലം സാക്ഷികളെ 11,200 കിലോമീറ്റർ ദൂരെയുള്ള ഹേഗിൽ ഹാജരാക്കേണ്ടിവരുന്നു. ഇത്തരത്തിൽ 91 സാക്ഷികളെ ഹാജരാക്കിക്കഴിഞ്ഞു.

ടെയ്‌ലർ പറയുന്നത് താൻ സിറാലിയോണിലുണ്ടായിരുന്നില്ലെന്നാണ്. ലൈബീരിയൻ സൈന്യം സിറീലിയോണിൽ കടന്നിട്ടില്ലെന്നും താൻ അതിന്നു കല്പന നൽകിയിട്ടില്ലെന്നും അയാൾ വാദിക്കുന്നു. സിറാലിയോണിൽ നടന്ന കലാപത്തിന്ന് താനല്ല ഉത്തരവാദിയെന്ന് അയാൾ പറയുന്നു. നിയമപരമായി വളരെ സങ്കീർണമായൊരു കേസാണിതെന്ന് വാദിഭാഗവും സമ്മതിക്കുന്നുണ്ട്. ടെയ്‌ലർക്കാകട്ടെ ഒരു കുലുക്കവുമില്ല.

Printed and published by : **Adv. Seby J. Pullely for Niyama Samskara Kendram, Jananeethi**, P.B. No. 8, Thottappady, Mannuthy P.O., Thrissur - 680651. Tel: 487-2373479, Fax: 487-2373281, E-mail: gpneethi@sancharnet.in / gepuli@rediffmail.com www.jananeethi.org **Printing : St.Mary's Orphanage Offset Press, Thrissur. Ph : 2425062, 2446709**

**വരിസംഖ്യ:** വാർഷികം – 50 ക., ആയുഷ്കാലം – 1000 ക.